## അദ്ധ്യായം III

## പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്

### 3.1 ആമുഖം

എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സംസ്ഥാന നിയമസഭ, കേരള പഞ്ചായത്ത് രാജ് നിയമം, 1994 (കെപിആർ നിയമം) നടപ്പിലാക്കുകയുണ്ടായി. ഈ നിയമം, സംസ്ഥാനത്ത് ആസൂത്രണ വികസനത്തിലും തദ്ദേശഭരണത്തിലും ഉയർന്ന പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതു ലക്ഷ്യമിട്ടുള്ള ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിതമാക്കുകയും. അതിലൂടെ ഗ്രാമ, മദ്ധ്യവർത്തി, ജില്ലാതലങ്ങളിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിയിലൂടെ നിയുക്തമായ ചുമതലകൾ എത്രമാത്രം ഫലപ്രദമായാണ് ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതെന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (പിആർഐകൾ) ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് വിലയിരുത്തുന്നു.

#### 3.1.1 ഓഡിറ്റിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ

തദ്ദേശ ഭരണത്തിൽ സേവനം പ്രദാനം ചെയ്യുന്നതിലെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനായി പിആർഐകളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പിആർഐകൾ കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നുണ്ടോ, വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ, സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്നിവ ഓഡിറ്റ് വിലയിരുത്തുന്നു.

സേവന വിതരണത്തിൽ ഓഡിറ്റ് ഊന്നൽ നൽകുന്ന പ്രധാന മേഖലകളിൽ ഇവ ഉൾപ്പെടുന്നു:

i. വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും - പദ്ധതികൾ പ്രാദേശിക ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തൽ.
ii. ഗുണമേന്മയുള്ളതും ഫലപ്രദവുമായ സേവന വിതരണം - ജലവിതരണം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ അവശ്യ സേവനങ്ങൾ നിർദ്ദിഷ്ട നിലവാരങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ.
iii. സാമ്പത്തിക നിർവ്വഹണവും ഫണ്ടുകളുടെ വിനിയോഗവും - ശരിയായ കണക്കുസൂക്ഷിക്കലും ധനകാര്യ റിപ്പോർട്ടിംഗും ചെലവ് ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തലും ഉറപ്പുവരുത്തൽ.
iv. സുതാര്യതയും പൊതുജനപങ്കാളിത്തവും - ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഉപസമിതികൾ മുതലായവയുടെ യോഗതീരുമാനങ്ങൾ പരിശോധിക്കൽ.
v. ചട്ടങ്ങളും നിയമങ്ങളും പാലിക്കൽ - നിയമം, പദ്ധതി മാർഗ്ഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന്.
vi. നിരീക്ഷണവും വിലയിരുത്തൽ സംവിധാനങ്ങളും - പദ്ധതികളുടെ പുരോഗതിയും അതിന്റെ അനന്തരഫലവും നിരീക്ഷിക്കുന്നതിന് പിആർഐകൾക്ക് ഉചിതമായ സംവിധാനങ്ങളുണ്ടോ എന്ന് വിലയിരുത്തുന്നതിന്.

### 3.2 ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

#### 3.2.1 ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി (ഡിസിഎ) തിരഞ്ഞെടുത്ത ചുമതല

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് 73-ാം ഭരണഘടനാ ഭേദഗതി നിയമം (1992) നിക്ഷിപ്തമാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും (എസ്ടി) പട്ടികജാതി വിഭാഗങ്ങളുടെയും (എസ്‌സി) വികസനം ലക്ഷ്യമിട്ട് കുറഞ്ഞത്

ജനസംഖ്യാനുപാതത്തിലെങ്കിലും പദ്ധതി വിഹിതം ക്രമീകരിക്കുന്നതിന് കേന്ദ്ര സർക്കാർ (ജിഒഐ) യഥാക്രമം പട്ടികവർഗ്ഗ ഉപപദ്ധതിയും (1974-75) പട്ടികജാതി ഉപപദ്ധതിയും[12] (1979-80) ആരംഭിച്ചു. 2011ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവും 30.39 ലക്ഷം ജനസംഖ്യയുള്ള പട്ടികജാതിവിഭാഗവും, 4.85 ലക്ഷം ജനസംഖ്യയുള്ള പട്ടികവർഗ്ഗവിഭാഗവും ആയിരുന്നു.

പട്ടികജാതി ഉപപദ്ധതിയുടെ (എസ്‌സിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപറയുന്നവ ആയിരുന്നു:

- ➢ പട്ടികജാതി ജനവിഭാഗങ്ങളിലെ ദാരിദ്ര്യവും, തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ
- ➢ പട്ടികജാതി ജനവിഭാഗങ്ങളിലെ സാമൂഹിക - സാമ്പത്തിക വികസനത്തിലെ പോരായ്മകൾ നികത്തൽ

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ (ടിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരുന്നു:

- ➢ വിദ്യാഭ്യാസം, ആരോഗ്യം എന്നീ സേവന മേഖലകളിൽ അവരുടെ പ്രാപ്യത വർദ്ധിപ്പിച്ചു കൊണ്ടുള്ള മാനവവിഭവശേഷി വികസനം,
- ➢ ഗോത്രവർഗ്ഗ മേഖലകളിൽ/പ്രദേശങ്ങളിൽ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി ജീവിത നിലവാരം ഉയർത്തൽ,
- ➢ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ, ഉത്പാദനക്ഷമമായ ആസ്തികളും വരുമാന വർദ്ധനയ്ക്കുള്ള അവസരങ്ങളും സൃഷ്ടിക്കൽ,
- ➢ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവകാശങ്ങളും ആനുകൂല്യങ്ങളും നേടുന്നതിനും മറ്റ് മേഖലകളുമായി തുല്യത കൈവരിക്കുന്നതിന് മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള ശേഷി വർദ്ധിപ്പിക്കൽ,
- ➢ ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ സംരക്ഷണം.

പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റിന്റെ ഭാഗമായി ഭരണഘടനയുടെ 11-ാം ഷെഡ്യൂളിലെ 27-ാം നമ്പർ ആയ 'ദുർബല വിഭാഗങ്ങളുടെ ക്ഷേമം പ്രത്യേകിച്ചും പട്ടികജാതി വിഭാഗങ്ങളുടെയും, പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും' എന്ന ചുമതലയുടെ കീഴിൽ എസ്‌സിഎസ്‌പിയും ടിഎസ്‌പിയും പദ്ധതികൾ പിആർഐകൾ രൂപീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും ഓഡിറ്റ്, ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ടു.

### 3.2.2 ഓഡിറ്റിന്റെ വ്യാപ്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും ചേർന്നാണ് സംസ്ഥാനത്തെ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന എസ്‌സിഎസ്‌പിയിലും ടിഎസ്‌പിയിലുമായി ഓഡിറ്റിന്റെ വ്യാപ്തി പരിമിതപ്പെടുത്തി.

ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ നാലു ജില്ലകൾ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ഈ നാലു ജില്ലകളിലെ പിആർഐകളിലെ എസ്‌സി, എസ്‌ടി ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം യഥാക്രമം 8.56 ശതമാനവും 0.66 ശതമാനവും ആയിരുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ നാല് ജില്ലാ പഞ്ചായത്തുകളിലും 16 ബ്ലോക്ക് പഞ്ചായത്തുകളിലും 48 ഗ്രാമപഞ്ചായത്തുകളിലും 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടത്തി. തിരഞ്ഞെടുത്ത 68 പിആർഐകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1ൽ** കൊടുത്തിരിക്കുന്നു.

[12] തുടക്കത്തിൽ പ്രത്യേക ഘടക പദ്ധതി എന്നറിയപ്പെട്ടു

### 3.2.3 ഓഡിറ്റ് മാനദണ്ഡങ്ങളും രീതിയും

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത്.

ഓഡിറ്റ് ചെയ്ത പിആർഐകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ/പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് എൻക്വയറി നൽകൽ, സംയുക്ത ഭൗതിക പരിശോധന നടത്തൽ, ഗുണഭോക്തൃ സർവ്വേകൾ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ധനകാര്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2023 മാർച്ച് 27ന് ഒരു എൻട്രി കോൺഫറൻസ് നടന്നു. അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ 2024 സെപ്റ്റംബർ 12-ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

## 3.3 തിരഞ്ഞെടുത്ത ചുമതലയുടെയും ജില്ലകളുടെയും അവലോകനം

### 3.3.1 ചുമതലയുടെ അവലോകനം

1992ലെ എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ പതിനൊന്നാം ഷെഡ്യൂൾ ഇന്ത്യൻ ഭരണഘടനയോട് ചേർക്കപ്പെട്ടു. അതിൽ 27-ാം ഇനം 'ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങളുടെയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ക്ഷേമം' എന്നത് ആണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പിആർഐകൾക്ക് ഈ ചുമതല കൈമാറുകയും ഇതിലെ III, IV, V ഷെഡ്യൂളുകൾ ഓരോ തലത്തിലുമുള്ള പിആർഐയുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഓരോ തലത്തിലെയും പിആർഐകളുടെ ചുമതലകൾ **പട്ടിക 3.1ൽ** നൽകിയിരിക്കുന്നു:

**പട്ടിക 3.1: ഓരോ തലത്തിലെയും പിആർഐകളുടെ ചുമതലകൾ**

| ജിപികളുടെ ചുമതലകൾ | ബിപികളുടെ ചുമതലകൾ | ഡിപികളുടെ ചുമതലകൾ |
|---|---|---|
| 1. എസ്‌സിഎസ്‌പി, ടിഎസ്‌പി ഇവയുടെ കീഴിൽ ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ നടപ്പാക്കുക<br>2. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക<br>3. പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക<br>4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് സഹായം നൽകുക<br>5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക | 1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക<br>2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക | 1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക<br>2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക |

*(ഉറവിടം : കേരള പഞ്ചായത്ത് രാജ് നിയമം, 1994)*

എന്നാൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് സമാന്തരമായി ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

തൽഫലമായി പിആർഐകൾ നിർവ്വഹിക്കുന്ന ചുമതല സംസ്ഥാന സർക്കാരിന്റെ അനുബന്ധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഓവർലാപ്പ് ചെയ്യുന്നു.

### 3.3.2 തിരഞ്ഞെടുത്ത ജില്ലകളുടെ അവലോകനം

തിരഞ്ഞെടുത്ത നാല് ജില്ലകളിലെ ഭൂമിശാസ്ത്രപരമായ വ്യാപ്തി, ജനസംഖ്യാ സ്ഥിതിവിവരക്കണക്കുകൾ, ഭരണ വിഭാഗങ്ങൾ, സാമൂഹിക ഘടന എന്നിവയെക്കുറിച്ചുള്ള പ്രധാന മാനദണ്ഡങ്ങൾ **പട്ടിക 3.2ൽ** വിവരിച്ചിരിക്കുന്നു.

**പട്ടിക 3.2: തിരഞ്ഞെടുത്ത ജില്ലകളുടെ വിശദാംശങ്ങൾ**

| ക്രമ നം | വിശദാംശങ്ങൾ | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് |
|---|---|---|---|---|---|
| 1 | വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്ററിൽ) | 2208 | 3032 | 3550 | 2344 |
| 2 | ജനസംഖ്യ (ലക്ഷത്തിൽ) | 19.75 | 31.21 | 41.13 | 30.86 |
| 3 | ജനസാന്ദ്രത (വ്യക്തികൾ/ചതുരശ്ര കിലോമീറ്റർ) | 895 | 1031 | 1157 | 1316 |
| 4 | ഗ്രാമീണ ജനസംഖ്യ | 14.09 | 10.25 | 22.96 | 10.13 |
| 5 | പിആർഐകളുടെ എണ്ണം | ബിപി: 11<br>ജിപി: 71 | ബിപി: 16<br>ജിപി: 86 | ബിപി: 15<br>ജിപി: 94 | ബിപി: 12<br>ജിപി: 70 |
| 6 | പട്ടികജാതി ജനസംഖ്യയുടെ ശതമാനം | 7.80 | 10.40 | 7.50 | 6.50 |
| 7 | പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനം | 1.10 | 0.30 | 0.60 | 0.50 |

*(ഉറവിടം : സാമ്പത്തിക അവലോകനം 2023 – വാല്യം I)*

### 3.3.3 സംഘടനാ സംവിധാനം

ദേശീയ, സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി പിആർഐകൾക്ക് പൊതുവായ മാർഗ്ഗരേഖകൾ നൽകുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി തലവനായിട്ടുള്ള തദ്ദേശ സ്വയംഭരണവകുപ്പിന് അധികാരമുണ്ട്. പിആർഐകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുന്ന വാർഷിക വികസന പദ്ധതികൾ തയ്യാറാക്കി അവ ജില്ലാ ആസൂത്രണ സമിതിയ്ക്ക് (ഡിപിസി) അംഗീകാരത്തിനായി സമർപ്പിക്കുകയും **പട്ടിക 3.3ൽ** കാണിച്ചിരിക്കുന്നതുപോലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പിആർഐകൾ പ്രോജക്ടുകൾ നടപ്പാക്കുകയും ചെയ്യുന്നു.

**പട്ടിക 3.3: പിആർഐകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ**

| ക്രമ നം | എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട് |
|---|---|---|
| 1. | പിആർഐ സെക്രട്ടറി | മൊത്തത്തിലുള്ള ഏകോപനവും നടപ്പാക്കലും |
| 2. | അസിസ്റ്റന്റ് സെക്രട്ടറി | ആശ്രയ, എംജിഎൻആർഇജിഎസ്, സ്വയം തൊഴിൽ, പ്രത്യേകം നിർവ്വഹണ ഉദ്യോഗസ്ഥരില്ലാത്ത മറ്റ് പ്രോജക്ടുകൾ |
| 3. | അസിസ്റ്റൻറ് എഞ്ചിനീയർ | നിർമ്മാണവും പരിപാലനവും |
| 4. | സർക്കാർ സ്കൂളിലെ ഹെഡ് മാസ്റ്റർ/ പ്രിൻസിപ്പൽ | വിദ്യാഭ്യാസം |

| ക്രമ നം | എസ്സിഎസ്പി/ടിഎസ്പിയ്ക്ക് കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട് |
|---|---|---|
| 5. | മെഡിക്കൽ ഓഫീസർമാർ | അലോപ്പതി, ആയുർവേദം, ഹോമിയോ,എന്നീ വൈദ്യശാസ്ത്രസേവനങ്ങൾ |
| 6. | വെറ്ററിനറി സർജൻ | മൃഗസംരക്ഷണം |
| 7. | കൃഷി ഓഫീസർ | കൃഷി |
| 8. | ഐസിഡിഎസ് സൂപ്പർവൈസർ | വനിതാ–ശിശു ക്ഷേമം, സപ്ലിമെന്ററി പോഷകാഹാര പദ്ധതി |
| 9. | പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വിഭാഗക്കാർക്കുള്ള സാമൂഹിക ക്ഷേമപരിപാടികൾ |
| 10. | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സാമൂഹിക ക്ഷേമപരിപാടികൾ |
| 11. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ഭവനനിർമ്മാണം, ഭവന പരിപാലനം, മാലിന്യ സംസ്കരണം, മറ്റ് സാമൂഹികക്ഷേമ പരിപാടികൾ |
| 12. | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | ലഘു നിർമ്മാണ കേന്ദ്രങ്ങൾ, സ്വയം തൊഴിൽ മുതലായവയ്ക്കുള്ള സഹായം |

*(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*


## ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ മൂന്ന് സുപ്രധാന മേഖലകളിലായി തിരിച്ചിരിക്കുന്നു (i) ആസൂത്രണം – പിആർഐകളിലെ ആസൂത്രണ പ്രക്രിയകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നു (ii) ധനകാര്യ മാനേജ്മെന്റ് – എസ്സിഎസ്പിയ്ക്കും ടിഎസ്പിയ്ക്കും അനുവദിച്ച ഫണ്ടുകളുടെ മാനേജ്മെന്റ് വിലയിരുത്തുന്നു (iii) പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും – വിവിധ മേഖലകളിലെ പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും വിലയിരുത്തുന്നു.

## 3.4 ആസൂത്രണം

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെയും, 1994–ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും നടപ്പാക്കലിനെ തുടർന്ന് ഏറ്റവും അടിസ്ഥാനതലത്തിൽ എല്ലാ വിഭാഗം ജനങ്ങളുടേയും സജീവ പങ്കാളിത്തം ഉൾപ്പെടുത്തി, വികസന പരിപാടികൾ രൂപീകരിക്കുന്നതിലും, നടപ്പാക്കുന്നതിലും പിആർഐകൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് പിആർഐകൾ എല്ലാ വർഷവും വരുംവർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും അത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. പിആർഐകൾ തയ്യാറാക്കുന്ന വാർഷിക പദ്ധതി, ഡിപിസി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുന്നു. പ്രോജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ അധികാരികൾ/സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ എന്നിവ **ചാർട്ട് 3.1ൽ** ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 3.1: എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിലുള്ള പ്രോജക്ടുകളുടെ നിർവ്വഹണാധികാരത്തിന്റെ ചിത്രീകരണം**




*(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)*
**ഒരു ട്രൈബൽ പ്രദേശത്തെ ആളുകൾ ഒത്തുചേർന്ന് പ്രാദേശിക വികസന ആവശ്യങ്ങൾ ചർച്ച ചെയ്യുന്ന സമൂഹ തല യോഗം.*

വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ, വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ് സഭകൾ/ വാർഡ് സമിതികൾ, ഉപ-സമിതികൾ, ഡിപിസി, നിർവ്വഹണ ഓഫീസർമാർ എന്നിവരാണ് ആസൂത്രണ രൂപീകരണ പ്രക്രിയയിലും, നടപ്പാക്കലിലും ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ. പിആർഐകൾ വഴിയുള്ള ആസൂത്രണത്തിൽ താഴെ പറയുന്ന പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 3.4.1 പുതുക്കിയ എസ്‌സി/എസ്ടി ഡാറ്റയുടെ അഭാവം

ജനസംഖ്യ, വസ്തു ഉടമസ്ഥത, അടിസ്ഥാന സൗകര്യങ്ങളായ ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വം, തൊഴിൽ ലഭ്യത, വിദ്യാഭ്യാസ പദവി, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നിവയുടെ ലഭ്യത തുടങ്ങിയവയെല്ലാം വിശകലനം ചെയ്തുകൊണ്ട് പിആർഐകൾ എസ്‌സി/എസ്ടി വകുപ്പുകളുമായി ചേർന്ന് 2008-10 ലും (എസ്ടി) 2010-11ലും (എസ്‌സി) എസ്‌സി/എസ്ടി ജനവിഭാഗങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഒരു സർവ്വേ നടത്തുകയും റിപ്പോർട്ടുകൾ യഥാക്രമം 2011 ഒക്ടോബറിലും 2013 നവംബറിലും കേരള സർക്കാർ പ്രസിദ്ധീകരിക്കുകയും ചെയ്തു. എസ്‌സി/എസ്ടി വിഭാഗങ്ങളുടെ സമഗ്ര സർവ്വേയിലൂടെ ഈ ഡാറ്റയുടെ കൃത്യമായ പുതുക്കൽ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച

13-ാമത്തെയും 14-ാമത്തെയും പഞ്ചവൽസര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുകയുണ്ടായി. എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനായി പുതുക്കിയ സർവ്വേ ഡാറ്റയുടെ അടിസ്ഥാനത്തിൽ എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ പ്രോജക്ടുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകി. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ 29 എണ്ണം മാത്രമേ പട്ടികജാതി ജനസംഖ്യാ ഡാറ്റ പുതുക്കിയിരുന്നുള്ളൂ. അതുപോലെ, 35 പിആർഐകൾ മാത്രമേ പട്ടികവർഗ്ഗ ജനസംഖ്യാ ഡാറ്റ പുതുക്കിയിരുന്നുള്ളൂ. ജനസംഖ്യാ കണക്കുകൾ പുതുക്കിയതൊഴിച്ചാൽ ഈ വിഭാഗങ്ങളുടെ വികസന പോരായ്മകൾ വിലയിരുത്തുന്നതിന് സഹായകരമായ, സാമൂഹിക സാമ്പത്തിക പദവി ഉറപ്പുവരുത്തുന്നതിനുള്ള സമഗ്രമായ ഒരു സർവ്വേയും പരിശോധന നടത്തിയ പിആർഐകൾ ഒന്നും തന്നെ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഒരു സർവ്വേ നടത്താൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുകയും (2020 ഡിസംബർ) സംസ്ഥാന സർക്കാർ ആ ശിപാർശ സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിലും ഇതു സംബന്ധിച്ച് പിആർഐകളോ എസ്‌ടി വകുപ്പോ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എസ്‌സി/എസ്‌ടി വിഭാഗങ്ങളിലെ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് നിലവിൽ സംസ്ഥാനത്തിന് ഒരു ഡാറ്റയും ലഭ്യമല്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി (2024 മാർച്ച്). പുതുക്കിയ സർവ്വേ ഡാറ്റയുടെ അഭാവത്തിൽ, എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പദ്ധതികളുടെ രൂപീകരണത്തിനും എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിനുമായി, 12-15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡാറ്റയാണ് പിആർഐകൾ/സംസ്ഥാന സർക്കാർ ഇപ്പോഴും ആശ്രയിക്കുന്നത്.

### 3.4.2 ഗ്രാമസഭ/ഊരുകൂട്ടങ്ങളും എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പുകളും ശിപാർശ ചെയ്ത പ്രാഥമിക ആവശ്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾ രൂപീകരിക്കാത്തത്

ഏറ്റവും അടിസ്ഥാന തലത്തിൽ ജനപങ്കാളിത്തം പരിപോഷിപ്പിച്ചുകൊണ്ടും, പൗരന്മാരുടേയും ഉണഭോക്താക്കളുടേയും ആവശ്യങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ടും തദ്ദേശീയ ജനാധിപത്യത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത് ഗ്രാമസഭ/ഊരുകൂട്ടം ആണ്. പിആർഐകളിൽ നിശ്ചിത വാർഡുകൾക്കോ സ്ഥലങ്ങൾക്കോ ആയി വികസന പ്രവർത്തനങ്ങൾ ശിപാർശ ചെയ്യുന്നതിന് അധികാരമുള്ള[13] ഗ്രാമസഭ/ഊരുകൂട്ടം തദ്ദേശ ഭരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

വൈവിധ്യമാർന്ന പൊതുജന കാഴ്ചപ്പാടുകൾ, പ്രത്യേകിച്ച് ജനപ്രതിനിധികൾ, തദ്ദേശീയ വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, ഉണഭോക്താക്കൾ എന്നിവരിൽ നിന്നുള്ളവ, ഏകീകരിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ[14], സമഗ്രമായ ആസൂത്രണത്തിന് കളമൊരുക്കുന്നു. ഗ്രാമസഭയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കാനുള്ള പ്രോജക്ടുകളുടെ പട്ടിക ക്രോഡീകരിക്കുക, എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, ഈ റിപ്പോർട്ടുകളും പ്രോജക്ട് പട്ടികകളും പഞ്ചായത്ത് കമ്മിറ്റി മുൻപാകെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുക എന്നിവ എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

കുടിവെള്ള വിതരണം, ശൗചാലയ സൗകര്യങ്ങൾ, മാലിന്യസംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിലെ അടിസ്ഥാന

---

13 കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷനുകൾ 3 (എ)യും, 3 (ബി)യും

14 സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിഷയ വിദഗ്ധർ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) അംഗങ്ങൾ, എസ്‌സി/എസ് ടി/വനിതാ അംഗങ്ങൾ, അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ (ആശ) ഉടങ്ങിയവർ ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പുകൾ

ആവശ്യങ്ങൾക്ക് മുൻഗണന നൽകാൻ 13-ാമത്തെയും 14-ാമത്തെയും പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ പിആർഐകൾക്ക് നിർദ്ദേശം നൽകുന്നു. എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ ജീവിക്കുന്നവരുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട് നിർബന്ധിതമായവ ഒഴികെ[15] മറ്റെല്ലാ പ്രോജക്ടുകളേയും മറികടന്നുകൊണ്ട് ഈ അവശ്യ സേവനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെട്ട പിആർഐകളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷിക ചെലവ് പത്രികയോടൊപ്പം ഊരുകൂട്ടത്തിലും എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പ്[16] മിനിറ്റ്സുകളിലും രേഖപ്പെടുത്തിയ രണ്ട് അവശ്യ സേവനങ്ങളായ കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടിയുള്ള ഡിമാന്റുകൾ, ഓഡിറ്റ് ഒത്തു നോക്കുകയുണ്ടായി. തങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകുമ്പോൾ ഈ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടിയുള്ള ഡിമാന്റുകൾ പരിഗണിക്കുന്നതിൽ പരിശോധന നടത്തിയ പിആർഐകൾ വീഴ്ചവരുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ വിശദീകരിച്ചിരിക്കുന്നു.

### (എ) കുടിവെള്ള സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റുകൾ

എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പിന്റെയും ഊരുകൂട്ടത്തിന്റെയും യോഗങ്ങളിൽ ഗുണഭോക്താക്കൾ ആവശ്യപ്പെട്ട കുടിവെള്ള വിതരണ സൗകര്യങ്ങളുടെ രൂപീകരണത്തിലും നടപ്പാക്കലിലും 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഗണ്യമായ ഒരു കുറവ് നിരീക്ഷിക്കപ്പെട്ടു. മുപ്പത്തി എട്ട് പിആർഐകളിൽ ഉന്നയിക്കപ്പെട്ട 173 ഡിമാന്റുകളിൽ 96 പ്രോജക്ടുകൾ (55.49 ശതമാനം) മാത്രമേ രൂപീകൃതമായിട്ടുള്ളൂ. അതായത് 77 ഡിമാന്റുകളിൽ പ്രോജക്ടുകളൊന്നും തന്നെ രൂപീകൃതമായില്ല. കൂടാതെ, പ്രസ്തുത കാലയളവിൽ രൂപീകൃതമായ പ്രോജക്ടുകളിൽ 73 എണ്ണം (76.04 ശതമാനം) മാത്രമേ നടപ്പാക്കിയുള്ളൂ, അതായത് 23 പ്രോജക്ടുകൾ നടപ്പാക്കിയില്ല. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 3.4ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.4: ഡിമാന്റിന് അനുസൃതമായി കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ശതമാനം**

| കാലയളവ് | ജില്ലയുടെ പേര് | പിആർഐ കളുടെ എണ്ണം | ഡിമാന്റുകളുടെ എണ്ണം | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | രൂപീകരണ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകൾ | ഡിമാന്റു ചെയ്ത പ്രോജക്ടുകൾക്ക് അനുസൃതമായി നടപ്പാക്കിയവയുടെ ശതമാനം | ഡിമാന്റുകൾക്കനുസൃതമായ നടപ്പാക്കലിൽ വന്ന കുറവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| 2020-21 മുതൽ 2022-23 വരെ | കോട്ടയം | 8 | 42 | 20 | 47.62 | 16 | 38.10 | 61.90 |
| | തൃശ്ശൂർ | 12 | 54 | 35 | 64.81 | 30 | 55.56 | 44.44 |
| | മലപ്പുറം | 8 | 32 | 17 | 53.13 | 8 | 25.00 | 75.00 |
| | കോഴിക്കോട് | 10 | 45 | 24 | 53.33 | 19 | 42.22 | 57.78 |
| **ആകെ** | | **38** | **173** | **96** | **55.49** | **73** | **42.20** | **57.80** |

*(ഉറവിടം : ഗ്രാമസഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിട്ട്സ്)*


കുടിവെള്ള വിതരണത്തിനു വേണ്ടിയുള്ള ഡിമാൻറുകളിൽ 42.20 ശതമാനം മാത്രമാണ് പിആർഐകൾ നിറവേറ്റിയത്; ഇത്, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ

15 സപ്ലിമെന്ററി പോഷകാഹാര പദ്ധതി, സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ, സാന്ത്വന പരിചരണം മുതലായവ

16 ഓരോ പിആർഐയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു വാർഡ്/ഗ്രാമസഭ/ഊരുകൂട്ടം

അഭിസംബോധന ചെയ്യുന്നതിൽ വന്ന ഗണ്യമായ വിടവുകൾ എടുത്തുകാണിക്കുന്നു. ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടപ്പാക്കലിന്റെ സ്ഥിതി **ചാർട്ട് 3.2ൽ** കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.2: ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടപ്പാക്കലിന്റെ സ്ഥിതി**




ഗുണഭോക്താക്കൾ ഉന്നയിക്കുന്ന ഡിമാന്റുകൾക്കനുസൃതമായി പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നതിൽ വന്ന ഈ കുറവുകൾ, പരിശോധിച്ച പിആർഐകളിലെ വാർഡ് സഭ/ഊരുകൂട്ടങ്ങളുടെ രൂപീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യത്തെ പരാജയപ്പെടുത്തി.

### (ബി) ശൗചാലയ സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഡിമാന്റുകൾ

എസ്‌സി/എസ്‌ടി ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ശൗചാലയ സൗകര്യങ്ങൾ നടപ്പാക്കുന്നതിൽ ഗണ്യമായ ഒരു പൊരുത്തക്കേട് കണ്ടെത്തുകയുണ്ടായി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ നടന്ന 130 വർക്കിംഗ് ഗ്രൂപ്പുകളുടെയും ഊരുകൂട്ടങ്ങളുടെയും യോഗങ്ങളിൽ എസ്‌സി/എസ്‌ടി ഗുണഭോക്താക്കൾ ശൗചാലയ സൗകര്യങ്ങൾക്കു വേണ്ടി ഡിമാന്റ് ഉന്നയിച്ചെങ്കിലും, 36 പിആർഐകളിൽ, നാല് പിആർഐകളിൽ മാത്രം[17], ഒമ്പത് പ്രോജക്ടുകളാണു രൂപീകരിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി. ഉചിതമായ ശുചിത്വ സൗകര്യങ്ങൾക്കു വേണ്ടിയുള്ള അടിയന്തിരാവശ്യം പരിഗണിക്കുമ്പോൾ ഇതൊരു അമ്പരപ്പിക്കുന്ന പോരായ്മ തന്നെയാണ്. ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെയും നടപ്പാക്കപ്പെട്ട പ്രോജക്ടുകളുടെയും വിശദാംശങ്ങൾ **പട്ടിക 3.5ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.5: ശൗചാലയ സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഡിമാൻഡ്**


| കാലയളവ് | ജില്ലകളുടെ പേര് | പിആർഐകളുടെ എണ്ണം | ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം | രൂപീകൃതമായ പ്രോജക്ടുകൾ | രൂപീകൃതമായ പ്രോജക്ടുകളുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകൾ | ഡിമാൻഡ് ചെയ്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ശതമാനം | ഡിമാൻഡുകൾക്കനുസൃതമായി നടപ്പാക്കലിലെ കുറവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| 2020-21 മുതൽ 2022-23 വരെ | കോട്ടയം | 8 | 27 | 2 | 7.41 | 2 | 7.41 | 92.59 |
| | തൃശ്ശൂർ | 12 | 41 | 4 | 9.76 | 3 | 7.32 | 92.68 |
| | മലപ്പുറം | 7 | 35 | 2 | 5.71 | ഇല്ല | 0 | 100 |
| | കോഴിക്കോട് | 9 | 27 | 1 | 3.70 | 1 | 3.70 | 96.30 |
| **ആകെ** | | **36** | **130** | **9** | **6.92** | **6** | **4.62** | **95.38** |

*(ഉറവിടം : ഗ്രാമസഭ/ഊരുക്കൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിട്ട്സ്)*

[17] കുറിച്ചി, കോടശ്ശേരി, എടവണ്ണ, ഉണ്ണിക്കുളം ജിപികൾ

ഈ ഡാറ്റ, ഉന്നയിക്കപ്പെട്ട ഡിമാന്റുകളും നടപ്പാക്കപ്പെട്ട പ്രോജക്ടുകളും തമ്മിലുള്ള ഗണ്യമായ അന്തരം എടുത്തുകാണിക്കുന്നു. ശൗചാലയ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള 130 ഡിമാന്റുകളിൽ, ഒമ്പത് എണ്ണം (6.92 ശതമാനം) മാത്രമാണ് പ്രോജക്ട് രൂപീകരണത്തിനു വേണ്ടി പരിഗണിക്കപ്പെട്ടത്; ഇതിൽ തന്നെ വെറും ആറ് എണ്ണം (4.62 ശതമാനം) മാത്രമാണ് നടപ്പാക്കിയത്; ഇത് പരിശോധനാ വിധേയമായ 36 പിആർഐകളിലെ ശുചിത്വ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിലുണ്ടായ ഗണ്യമായ പോരായ്മകൾ വെളിപ്പെടുത്തുന്നു. ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി ശൗചാലയ സൗകര്യങ്ങളുടെ നടപ്പാക്കലിന്റെ സ്ഥിതി **ചാർട്ട് 3.3ൽ** ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 3.3: ഡിമാന്റുകൾക്ക് അനുസൃതമായി ടോയ്‌ലറ്റ് സൗകര്യങ്ങൾ നടത്തിപ്പിന്റെ സ്ഥിതി**




ഈ കുറവ്, ശുചിത്വം ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങൾ നൽകുന്നതിന് തദ്ദേശ ഭരണകൂടങ്ങളെ അധികാര്യപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള, കേരള പഞ്ചായത്ത് രാജ് നിയമം 1994ൽ അനുശാസിക്കുന്നതുപോലെ, ഗ്രാമസഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ദുർബ്ബലമാക്കുന്നു.

സാർവ്വത്രിക ശുചിത്വ പരിരക്ഷ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ 2014ൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പോലെയുള്ള സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും 4.62 ശതമാനം എന്ന നിർവ്വഹണ തോത്, പ്രാദേശിക തലത്തിൽ കൂടുതൽ ഫലപ്രദമായ ആസൂത്രണത്തിന്റേയും നടപ്പാക്കലിന്റേയും, ശുചിത്വ പരിപാടികളുടെ നിരീക്ഷണത്തിന്റേയും ആവശ്യകതയെ സൂചിപ്പിക്കുന്നു.

### 3.4.3 വിവര, വിദ്യാഭ്യാസ, ആശയവിനിമയ പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാർ 13-ഉം, 14-ഉം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകളിലൂടെ, സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പരിപാടികൾ/പദ്ധതികൾക്ക് വ്യാപകമായ പ്രചാരം നൽകുന്നതിനും ഗ്രാമസഭ/ഊരുകൂട്ടം യോഗങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി.

തൊണ്ണൂറ്റി ആറ് എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിൽ ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ, സർവ്വേയ്ക്ക് വിധേയമായ എസ്‌സി ഗുണഭോക്താക്കളിൽ 27.27 ശതമാനവും (495ൽ 135) സർവ്വേ ചെയ്യപ്പെട്ട എസ്ടി ഗുണഭോക്താക്കളിൽ 35.36 ശതമാനവും (280ൽ 99), പിആർഐകൾ രൂപീകരിച്ച് നടപ്പാക്കുന്ന പദ്ധതികളേയും പ്രോജക്ടുകളേയും കുറിച്ച് ബോധവാന്മാരായിരുന്നില്ല എന്ന് വെളിപ്പെടുത്തി.

പരിശോധിച്ച പിആർഐകൾ എടുത്ത നടപടികൾ എസ്‌സി/എസ്ടി വിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലും ഗ്രാമസഭ/ഊരുകൂട്ടം യോഗങ്ങളിൽ അവരുടെ

പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും ഫലപ്രദമായിരുന്നില്ല എന്ന് സർവ്വേ ഫലങ്ങൾ സൂചിപ്പിക്കുന്നു.

## 3.5 സാമ്പത്തിക നിർവ്വഹണം

ഭൗതികവും, ധനകാര്യവുമായ കാര്യങ്ങളിൽ, ജനസംഖ്യയ്ക്ക് ആനുപാതികമായെങ്കിലും എസ്‌സികളുടേയും, എസ്‌ടികളുടേയും വികസനത്തിനുവേണ്ടി പൊതു വിഭാഗത്തിൽ നിന്നും വിഹിതങ്ങളും, ആനുകൂല്യങ്ങളും വഴിതിരിച്ചുവിടുക എന്നതായിരുന്നു എസ്‌സിഎസ്‌പിയുടേയും ടിഎസ്‌പിയുടേയും അടിസ്ഥാനലക്ഷ്യം. സംസ്ഥാന സർക്കാർ 2020–22-ൽ എസ്‌സിഎസ്‌പി ഫണ്ടുകളുടെ 37.53 ശതമാനവും 2022–23ൽ 37.48 ശതമാനവും വകയിരുത്തുകയുണ്ടായി. അതുപോലെ, 2020–22ൽ ടിഎസ്‌പി ഫണ്ടിന്റെ 21.56 ശതമാനവും 2022–23ൽ 21.57 ശതമാനവും സംസ്ഥാനത്തെ പിആർഐകളിലേയ്ക്ക് വകയിരുത്തുകയുണ്ടായി. പിആർഐകൾക്കുള്ള ഫണ്ട് വകയിരുത്തലിന്റെ വിശദാംശങ്ങൾ **പട്ടിക 3.6ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.6: പിആർഐകൾക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ട് വകയിരുത്തൽ**

*(₹ കോടിയിൽ)*

| വർഷം | പട്ടികജാതി ഉപപദ്ധതി | | | പട്ടികവർഗ്ഗ ഉപപദ്ധതി | | |
|---|---|---|---|---|---|---|
| | മൊത്തം എസ്‌സിഎസ്‌പി ബജറ്റ് വിഹിതം* | പിആർഐകൾക്കുള്ള എസ്‌സിഎസ്‌പി വിഹിതത്തിന്റെ ശതമാനം | പിആർഐകൾക്കുള്ള എസ്‌സിഎസ്‌പി വിഹിതം | മൊത്തം ടിഎസ്‌പി ബജറ്റ് വിഹിതം* | പിആർഐകൾക്കുള്ള ടിഎസ്‌പി വിഹിതത്തിന്റെ ശതമാനം | പിആർഐകൾക്കുള്ള ടിഎസ്‌പി വിഹിതം |
| **2020-21** | 2708.54 | 37.53 | 1016.61 | 781.36 | 21.56 | 168.45 |
| **2021-22** | 2708.54 | 37.53 | 1016.61 | 781.36 | 21.56 | 168.45 |
| **2022-23** | 2979.40 | 37.48 | 1116.63 | 859.50 | 21.57 | 185.43 |


*(ഉറവിടം : സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള ഡാറ്റ)*

**മൊത്തം ബജറ്റ് വകയിരുത്തൽ, എസ്‌സി/എസ്‌ടി വകുപ്പുകൾക്കും, പിആർഐകൾക്കും, യുഎൽബികൾക്കുമായി വിഭജിച്ച് നൽകിയിരിക്കുന്നു*

എസ്‌സിഎസ്‌പികൾക്കും ടിഎസ്‌പികൾക്കും നീക്കി വച്ച വാർഷിക ഫണ്ടുകൾ സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്‌എഫ്‌സി) ശിപാർശകളെ അടിസ്ഥാനപ്പെടുത്തി എൽഎസ്‌ജിഐകൾക്ക് വീതിച്ചു നൽകുകയുണ്ടായി. ഓഡിറ്റ് ചെയ്യപ്പെട്ട കാലയളവിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച അഞ്ചും ആറും സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത വിഭജനം നടത്തിയത്. എസ്‌സിഎസ്‌പി ഫണ്ടുകൾ 83.25 : 16.75 എന്ന അനുപാതത്തിലാണ് പിആർഐകൾക്കും യുഎൽബികൾക്കും വിതരണം ചെയ്യപ്പെട്ടത്. ടിഎസ്‌പി ഫണ്ടുകൾ പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ യഥാക്രമം 92:8 എന്ന അനുപാതത്തിൽ വിതരണം ചെയ്യപ്പെട്ടു. എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകൾ ജിപികൾ, ബിപികൾ, ഡിപികൾ എന്നിവയ്ക്കിടയിൽ 60:20:20 എന്ന അനുപാതത്തിൽ വിതരണം ചെയ്യപ്പെട്ടു.

പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വിതരണം **ചാർട്ട് 3.4ൽ** പരാമർശിച്ചിരിക്കുന്നു.

**ചാർട്ട് 3.4: പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ എസ്സിഎസ്പി, ടിഎസ്പി ഫണ്ടുകളുടെ വിതരണം**




*(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ)*

എസ്സിഎസ്പിയും ടിഎസ്പിയും കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ ഓഡിറ്റ് വിശകലനം ചെയ്യുകയും അവയുടെ വകയിരുത്തലിലും വിനിയോഗത്തിലും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

### 3.5.1 പരിശോധിച്ച പിആർഐകളിൽ എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ്

പിആർഐകളിലേയ്ക്കുള്ള എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തൽ 2020-21 വരെ ജനസംഖ്യാടിസ്ഥാനത്തിൽ മാത്രമായിരുന്നു നടത്തിയിരുന്നത്. എന്നാൽ 2021-22 മുതൽ 60:40 എന്ന അനുപാതത്തിൽ ജനസംഖ്യയും ദാരിദ്ര്യ സൂചികയും മുൻതൂക്കം നൽകികൊണ്ട് സംസ്ഥാന ധനകാര്യ കമ്മീഷൻ പുതിയൊരു വകയിരുത്തൽ രീതി അവതരിപ്പിക്കുകയുണ്ടായി. ഭൂരഹിതരും, ഭവനരഹിതരുമായ കുടുംബക്കാർ, ഭവനങ്ങളുടെ സ്ഥിതി, ഭവന സൗകര്യങ്ങൾ, തൊഴിലില്ലായ്മയുടെ സ്ഥിതി, വിദ്യാഭ്യാസം, അധിവാസ കേന്ദ്രങ്ങളിലെ ജനസംഖ്യ എന്നിങ്ങനെ ഏഴ് സുപ്രധാന സൂചകങ്ങൾക്ക് തുല്യമായ മുൻതൂക്കം നൽകികൊണ്ടാണ് ദാരിദ്ര്യ സൂചിക കണക്കാക്കിയത്. 2008-2011 കാലയളവിൽ നടത്തിയ എസ്സി/എസ്ടി സാമൂഹിക സാമ്പത്തിക സർവ്വേയിൽ നിന്നുള്ള ഡാറ്റ ആണ് കണക്കെടുപ്പിന് സ്വീകരിച്ചത്.

പരിശോധിച്ച പിആർഐകൾക്ക് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ വകയിരുത്തിയ എസ്സിഎസ്പിയുടെയും ടിഎസ്പിയുടെയും ഫണ്ടുകളിൽ ഗണ്യമായ കുറവുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. പരിശോധിച്ച പിആർഐകൾക്ക് 2020-21 മുതൽ 2022-23 വരെയുള്ള എസ്സിഎസ്പിയുടെയും ടിഎസ്പിയുടെയും ഫണ്ടുകളുടെ വാർഷിക വകയിരുത്തലിന്റേയും ചെലവുകളുടേയും വിശദാംശങ്ങൾ **പട്ടിക 3.7ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 3.7: പരിശോധന നടത്തിയ 68 പിആർഐകളിലെ എസ്സിഎസ്പി/ടിഎസ്പി വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | തദ്ദേശ സ്ഥാപനം | എസ്സിഎസ്പി | | | | ടിഎസ്പി | | | |
|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവിന്റെ ശതമാനം | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവിന്റെ ശതമാനം |
| 2020-21 | ജിപി | 46.11 | 34.81 | 11.30 | 75.49 | 10.00 | 6.98 | 3.02 | 69.80 |

| വർഷം | തദ്ദേശ സ്ഥാപനം | എസ്‌സിഎസ്‌പി | | | | ടിഎസ്‌പി | | | |
|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവിന്റെ ശതമാനം | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവിന്റെ ശതമാനം |
| | ബിപി | 32.11 | 25.36 | 6.75 | 78.98 | 4.37 | 2.89 | 1.48 | 66.13 |
| | ഡിപി | 86.56 | 56.24 | 30.32 | 64.97 | 6.25 | 4.21 | 2.04 | 67.36 |
| | **ആകെ** | **164.78** | **116.41** | **48.37** | **70.65** | **20.62** | **14.08** | **6.54** | **68.28** |
| 2021-22 | ജിപി | 40.30 | 35.24 | 5.06 | 87.44 | 8.74 | 7.49 | 1.25 | 85.70 |
| | ബിപി | 24.50 | 20.75 | 3.75 | 84.69 | 3.44 | 2.70 | 0.74 | 78.49 |
| | ഡിപി | 73.27 | 54.04 | 19.23 | 73.75 | 4.17 | 3.42 | 0.75 | 82.01 |
| | **ആകെ** | **138.07** | **110.03** | **28.04** | **79.69** | **16.35** | **13.61** | **2.74** | **83.24** |
| 2022-23 | ജിപി | 46.22 | 35.62 | 10.60 | 77.07 | 10.07 | 8.13 | 1.94 | 80.73 |
| | ബിപി | 29.07 | 22.10 | 6.97 | 76.02 | 4.45 | 3.46 | 0.99 | 77.75 |
| | ഡിപി | 82.03 | 55.05 | 26.98 | 67.11 | 3.93 | 3.39 | 0.54 | 86.26 |
| | **ആകെ** | **157.32** | **112.77** | **44.55** | **71.68** | **18.45** | **14.98** | **3.47** | **81.20** |

*(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

- 2020-21ലും 2021-22ലും പിആർഐകളിലേയ്ക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ മൊത്തം വകയിരുത്തൽ യഥാക്രമം ₹1016.61 കോടിയും ₹168.45 കോടിയും ആയിരുന്നെങ്കിലും പരിശോധന നടത്തിയ പിആർഐകളിലേയ്ക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2021-22ൽ എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തൽ 16.21 ശതമാനം കുറഞ്ഞപ്പോൾ ടിഎസ്‌പിഫണ്ട് 20.71 ശതമാനമാണ് കുറഞ്ഞത്.
- 2021-22 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23ൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വർദ്ധനവുണ്ടായിരുന്നെങ്കിലും, 2020-21 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തത്തിൽ എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ 4.53 ശതമാനവും ടിഎസ്‌പിയിൽ 10.52 ശതമാനവും കുറവുണ്ടായി.
- ഈ ഫണ്ടുകളുടെ ചെലവ് എസ്‌സിഎസ്‌പിയുടെ കാര്യത്തിൽ 70.65 ശതമാനം മുതൽ 79.69 ശതമാനം വരെയും ടിഎസ്‌പിയുടെ കാര്യത്തിൽ 68.28 ശതമാനം മുതൽ 83.24 ശതമാനം വരെയും ആയിരുന്നു.
- എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ ചെലവ് യഥാക്രമം അഞ്ച് പിആർഐകളിലും[18] 15 പിആർഐകളിലും[19] 50 ശതമാനത്തിന് താഴെ ആയിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

ഫണ്ടുകളുടെ വകയിരുത്തലിൽ വരുന്ന കുറവ് പാർശ്വവൽകൃത സമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ വിപരീത സ്വാധീനത്തിന് കാരണമാകാം.

എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ വികസനത്തെ സഹായിക്കുന്നതിന് ഈ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം സംസ്ഥാന സർക്കാരിന്റെ മാർഗ്ഗരേഖകൾ ഊന്നിപ്പറയുന്നുണ്ടെങ്കിലും, ഫണ്ടുകളുടെ ഉപയോഗക്കുറവ്, എസ്‌സി/എസ്‌ടി ജനവിഭാഗങ്ങൾക്കു വേണ്ടി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലിലെ

---

[18] തൃശ്ശൂർ ഡിപി, പാമ്പാടി ബിപി, കറിച്ചി, മൂന്നിലവ്, പോത്തുകല്ല് ജിപികൾ

[19] കോട്ടയം ഡിപി, അരീക്കോട്, ചാലക്കുടി, വണ്ടൂർ, പാമ്പാടി, കൊടുവള്ളി ബിപികൾ, പാമ്പാടി, അതിരപ്പിള്ളി, ചാത്തമംഗലം, ഏരുമേലി, കോടശ്ശേരി, പഴയന്നൂർ, പോത്തുകല്ല്, പുതൂർ, പഴയന്നൂർ ജിപികൾ

അലംഭാവമാണ് സൂചിപ്പിക്കുന്നത്. എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകൾ കാര്യക്ഷമമായും, ഫലപ്രദമായും വകയിരുത്തപ്പെടുന്നു/വിനിയോഗിക്കപ്പെടുന്നു എന്നുറപ്പു വരുത്താൻ മെച്ചപ്പെട്ട നിർവ്വഹണവും മേൽനോട്ടവും ആവശ്യമാണെന്ന് ഓഡിറ്റ് കണ്ടെത്തലുകൾ എടുത്തു കാണിക്കുന്നു.

### 3.5.2 പരിശോധിച്ച പിആർഐകളിലേയ്ക്കുള്ള ടിഎസ്പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

ജനസംഖ്യാടിസ്ഥാനത്തിൽ എസ്എഫ്സി നിശ്ചയിച്ച മുൻതൂക്കം അടിസ്ഥാനപ്പെടുത്തി പരിശോധിച്ച പിആർഐകൾക്ക് കൃത്യമായി ലഭിക്കേണ്ട എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തൽ, പിആർഐകൾക്ക് വകയിരുത്തപ്പെട്ട യഥാർത്ഥ തുകകളുമായി ഓഡിറ്റ് താരതമ്യപ്പെടുത്തി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ യഥാക്രമം നാല്, എട്ട്, എട്ട് എന്നിങ്ങനെ പിആർഐകൾക്ക് ഒരു ടിഎസ്പി ഫണ്ടും ലഭിച്ചില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. അതു കൂടാതെ, 2021-22ലും 2022-23ലും 32 പിആർഐകൾക്ക് അർഹിക്കുന്നതിലും കുറഞ്ഞ വകയിരുത്തലാണ് ലഭിച്ചത്. **പട്ടിക 3.8ൽ** വിശദമാക്കിയിരിക്കുന്നതുപോലെ ടിഎസ്പി ഫണ്ട് വകയിരുത്തലിലെ മൊത്തം കുറവ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹5.43 കോടി ആയിരുന്നു.

**പട്ടിക 3.8: ടിഎസ്പിഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്**

*(₹ കോടിയിൽ)*

| വർഷം | ജില്ല | കുറഞ്ഞ വകയിരുത്തൽ ലഭിച്ച പിആർഐകളുടെ എണ്ണം | തുക | വകയിരുത്തൽ ഒന്നും ലഭിക്കാത്ത പിആർഐകളുടെ എണ്ണം | കിട്ടേണ്ട തുക |
|---|---|---|---|---|---|
| 2020-21 | കോട്ടയം | 0 | 0 | 0 | 0 |
| | തൃശ്ശൂർ | 0 | 0 | 1 | 0.01 |
| | മലപ്പുറം | 0 | 0 | 2 | 0.14 |
| | കോഴിക്കോട് | 0 | 0 | 1 | 0.03 |
| ആകെ | | 0 | 0 | 4 | 0.18 |
| 2021-22 | കോട്ടയം | 16 | 1.98 | 1 | 0.01 |
| | തൃശ്ശൂർ | 4 | 0.11 | 3 | 0.04 |
| | മലപ്പുറം | 2 | 0.02 | 2 | 0.08 |
| | കോഴിക്കോട് | 10 | 0.24 | 2 | 0.03 |
| ആകെ | | 32 | 2.35 | 8 | 0.16 |
| 2022-23 | കോട്ടയം | 16 | 2.17 | 1 | 0.02 |
| | തൃശ്ശൂർ | 4 | 0.12 | 3 | 0.04 |
| | മലപ്പുറം | 2 | 0.02 | 2 | 0.08 |
| | കോഴിക്കോട് | 10 | 0.26 | 2 | 0.03 |
| ആകെ | | 32 | 2.57 | 8 | 0.17 |
| **ആകെ മൊത്തം** | | | **4.92** | | **0.51** |

*(ഉറവിടം : ആറാമത് എസ്എഫ്സി റിപ്പോർട്ടും സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിൽ നിന്നുമുള്ള ഡാറ്റയും)*

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയുടെയും സബ്സിഡിയുടെയും മാർഗ്ഗരേഖകളിൽ പറഞ്ഞിട്ടുള്ളതുപോലെ, എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തലിലെ അഭാവം/കുറവ്, വിവിധ മേഖലകളിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള പിആർഐകളുടെ ശേഷിയെ കുറയ്ക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി.

### 3.5.3 പ്രോജക്ടുകൾ നടപ്പാക്കാത്തതുമൂലം എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ കാലഹരണപ്പെടൽ

എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ വകയിരുത്തുന്ന ഫണ്ടുകൾ വകമാറ്റുകയോ കാലഹരണപ്പെടുകയോ ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യക്തമായി പ്രസ്താവിക്കുന്നു. എന്നാൽ, താഴെ **പട്ടിക 3.9ൽ** വിശദമാക്കിയിരിക്കുന്നതുപോലെ, എസ്‌സിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 18-28 ശതമാനവും, ടിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 10-17 ശതമാനവും ഓഡിറ്റ് കാലയളവിൽ പരിശോധിച്ച പിആർഐകൾ നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 3.9: പരിശോധിച്ച പിആർഐകളിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്ടുകൾ നടപ്പാക്കാത്തത്**

*(₹ കോടിയിൽ)*

| വർഷം | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ട് ചെലവ് | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്തതിനാൽ കാലഹരണപ്പെട്ട തുക | ഭാഗികമായി നടപ്പിലാക്കിയതിനാൽ കാലഹരണപ്പെട്ട തുക |
|---|---|---|---|---|---|
| **എസ്‌സിഎസ്‌പി** | | | | | |
| 2020-21 | 2020 | 164.78 | 360 | 23.88 | 24.48 |
| 2021-22 | 1386 | 138.07 | 277 | 17.74 | 10.30 |
| 2022-23 | 1513 | 157.31 | 428 | 27.11 | 17.43 |
| **ആകെ** | **4919** | **460.16** | **1065** | **68.73** | **52.21** |
| **ടിഎസ്‌പി** | | | | | |
| 2020-21 | 641 | 20.62 | 112 | 3.79 | 2.75 |
| 2021-22 | 476 | 16.34 | 47 | 1.60 | 1.14 |
| 2022-23 | 509 | 18.45 | 57 | 1.30 | 2.17 |
| **ആകെ** | **1626** | **55.41** | **216** | **6.69** | **6.06** |

*(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

പ്രോജക്ടുകൾ നടപ്പാക്കാതിരിക്കൽ, ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കാത്ത സ്ഥിതി, പൂർത്തിയായ പ്രോജക്ടുകളിൽ നിന്നുള്ള മിച്ചം വിനിയോഗിക്കാതിരിക്കൽ എന്നിങ്ങനെയുള്ള വിവിധ കാരണങ്ങളാൽ ₹120.94 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളും ₹12.75 കോടിയുടെ ടിഎസ്‌പി ഫണ്ടുകളും കാലഹരണപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തത് വികലമായ ആസൂത്രണം, ഭരണപരമായ കൃത്യ വിലോപങ്ങൾ കാരണം ഫണ്ടുകൾ ലഭ്യമാകാത്തത് എന്നിവയായിരുന്നു പ്രോജക്ടുകൾ നടപ്പാക്കാത്തതിന് പിന്നിലുള്ള പ്രധാന കാരണങ്ങൾ ഇതു സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

- പുതുപ്പാടി ഗ്രാമപഞ്ചായത്ത് എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് 2021-22, 2022-23 വർഷങ്ങളിൽ ₹27.19 ലക്ഷം ചെലവിൽ ശ്മശാന ഷെഡ്ഡിന്റെ നിർമ്മാണം, ശ്മശാനത്തിലെ കൽപ്പടവുകൾ, ഒരു റോഡിന്റെ നിർമ്മാണം എന്നിങ്ങനെ മൂന്ന് പ്രൊജക്ടുകൾ രൂപീകരിച്ചു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ നടപ്പാക്കിയില്ല. സംസ്ഥാന സർക്കാർ സ്പിൽഓവർ

പ്രോജക്ടുകൾക്കുവേണ്ടി ഫണ്ടുകൾ വകയിരുത്താത്തത് കാരണം പ്രോജക്ട് നടപ്പാക്കിയില്ലെന്നാണ് അതിന് കാരണമായി ഗ്രാമപഞ്ചായത്ത് പറഞ്ഞത്.

- ചാലിയാർ ഗ്രാമപഞ്ചായത്ത് ബിരുദതല ഏഴ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി ഒരു പ്രോജക്ട് രൂപീകരിക്കുകയും (2020-21) അതിനായി ₹1.92 ലക്ഷം കെൽട്രോണിന് മുൻകൂറായി നൽകുകയും ചെയ്തു (2021 മാർച്ച്). എന്നാൽ, ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് കെൽട്രോണിന് യഥാസമയം വർക്ക് ഓർഡർ നൽകുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ പ്രോജക്ട് നടപ്പാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 2022 ഫെബ്രുവരിയോടുകൂടി മാത്രമാണ് കെൽട്രോണിൽ അന്വേഷണം നടത്തിയതെന്നും അപ്പോഴേയ്ക്കും ലാപ്ടോപ്പിന്റെ വില ഒന്നിന് ₹16,000 വർദ്ധനവ് ഉണ്ടായതായും ഓഡിറ്റ് കണ്ടെത്തുകയുണ്ടായി. അതിനാൽ, പ്രോജക്ട് നടപ്പാക്കാതെ തുക സർക്കാരിലേക്ക് തിരിച്ചടച്ചു. അങ്ങനെ ഭരണപരമായ കൃത്യ വിലോപം മൂലം അർഹരായ ഏഴ് വിദ്യാർത്ഥികൾക്ക് (നാല് എസ്‌സി മൂന്ന് എസ്ടി) ലാപ്ടോപ്പ് സഹായം നിഷേധിക്കപ്പെട്ടു.

## 3.6 പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും

ഭൂരഹിത ഭവനരഹിത അവസ്ഥകൾ, ഉപജീവന ഭദ്രതയില്ലായ്മ, ഉന്നത പഠനത്തിനും ഉചിതമായ തൊഴിലവസരങ്ങൾക്കുമുള്ള പ്രവേശനം ലഭിക്കുതിനുള്ള ബുദ്ധിമുട്ടുകൾ, അധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, എസ്‌സി/എസ്ടി അധിവാസ കേന്ദ്രങ്ങളിൽ ഐറ്റി, വിനിമയ സൗകര്യങ്ങൾ എന്നിവയുടെ ശോചനീയമായ അഭിഗമ്യത മുതലായ പ്രതിബന്ധങ്ങൾ സംസ്ഥാനം തിരിച്ചറിയുകയും, 13-ഉം 14-ഉം പഞ്ചവത്സരപദ്ധതികളിൽ ഇവ പരിഹരിക്കാൻ ലക്ഷ്യമിടുകയും ചെയ്തു. എസ്‌സിഎസ്‌പി/ടിഎസ്‌പിയക്കു കീഴിൽ വാർഷിക വികസന പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപം കൊടുത്ത പ്രോജക്ടുകൾ, (i) പശ്ചാത്തല മേഖല (ii) ഉത്പാദന മേഖല (iii) സേവന മേഖല എന്നീ വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. ഈ മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകളുടെ ചിത്രീകരണം **ചിത്രം 3.1ൽ** കൊടുത്തിരിക്കുന്നു.

**ചിത്രം 3.1: മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകൾ**

| സേവന മേഖല | ഉല്പാദന മേഖല | പശ്ചാത്തല മേഖല |
|---|---|---|
| • വിദ്യാഭ്യാസം | • കാർഷിക പദ്ധതികൾ | • റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ |
| • കല, സംസ്കാരം കായികോന്മുഖ പദ്ധതികൾ | • മൃഗസംരക്ഷണ പദ്ധതികൾ | • സംരക്ഷണഭിത്തികൾ നടപ്പാത എന്നിവയുടെ നിർമ്മാണം |
| • യുവജനക്ഷേമം | • ജലസേചനം | • ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ മുതലായവ |
| • ആരോഗ്യ,കുടിവെള്ള വിതരണ പദ്ധതികൾ | • ക്ഷീരവികസനം | |
| • ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ | • മത്സ്യബന്ധനം | |
| • ഭവന നിർമ്മാണം വൈദ്യുതീകരണം മുതലായവ | • നൈപുണ്യവികസനം, തൊഴിൽ പദ്ധതികൾ മുതലായവ | |

*(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും, നടപ്പാക്കലും പട്ടികജാതി ഉപപദ്ധതിയുടെയും,

പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഓഡിറ്റ് പരിശോധിക്കുകയും താഴെ വിവരിച്ചിരിക്കുന്ന രീതിയിൽ മൂന്ന് മേഖലകളിലായി ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാഥമികമായി തരംതിരിക്കുകയും ചെയ്തിട്ടുണ്ട്:

## സേവന മേഖല

പാർശ്വവൽകൃത സമുദായങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനം ഉറപ്പാക്കുന്നതിന് സേവന മേഖലാ പ്രോജക്റ്റുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. 2020-2023 കാലയളവിൽ, 68 പിആർഐകളുടെ വാർഷിക ചെലവ് പത്രികകളുടെ വിശകലനം, എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ ഗണ്യമായ ഒരു ഭാഗം (യഥാക്രമം 77.98 ശതമാനവും 81.45 ശതമാനവും) സേവനമേഖലാ പ്രോജക്റ്റുകൾക്ക് വേണ്ടി വകയിരുത്തിയതായി വെളിപ്പെടുത്തുകയുണ്ടായി. ഈ പ്രോജക്റ്റുകൾ പ്രാഥമികമായും ശ്രദ്ധ ഊന്നിയത് വിദ്യാഭ്യാസം, ഭവന നിർമ്മാണം, കുടിവെള്ളം വിതരണം എന്നിവയിലാണ്.

എസ്‌സിഎസ്‌പി ഫണ്ടിൽ നിന്നും ₹358.83 കോടി നീക്കിവച്ചുകൊണ്ട് പരിശോധിച്ച പിആർഐകൾ ഓഡിറ്റ് കാലയളവിൽ സേവന മേഖലയുടെ കീഴിൽ 3312 പ്രോജക്റ്റുകൾ രൂപീകരിച്ചു. ഇവയിൽ, 2663 പ്രോജക്റ്റുകൾ (80.40 ശതമാനം) ₹282.26 കോടി (78.66 ശതമാനം) ചെലവഴിച്ചുകൊണ്ട് ഈ കാലയളവിൽ നടപ്പാക്കുകയും ചെയ്തു. അതുപോലെ, സേവന മേഖലയിൽ ₹45.14 കോടി എസ്റ്റിമേറ്റിൽ രൂപീകരിച്ച 1327 ടിഎസ്‌പി പ്രോജക്റ്റുകളിൽ 1155 എണ്ണം (87.04 ശതമാനം), ₹34.55 കോടി (76.54 ശതമാനം) ചെലവഴിച്ച് നടപ്പാക്കുകയുണ്ടായി. ഇവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.2ൽ** കൊടുത്തിരിക്കുന്നു. സേവനമേഖലയിൽ പ്രമുഖ ഉപമേഖലകൾക്കു കീഴിലെ പ്രോജക്റ്റുകളുടെ മൂല്യനിർണ്ണയം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

### 3.6.1 വിദ്യാഭ്യാസം

പിന്നാക്കവിഭാഗങ്ങളുടേയും, സാമൂഹികമായി ദുർബലരായ വിഭാഗങ്ങളുടേയും ഉന്നമനത്തിനുള്ള ഏത് പരിപാടിയുടേയും മുഖ്യഘടകം വിദ്യാഭ്യാസം ആണ്. വിജ്ഞാനം, നൈപുണ്യം, മൂല്യങ്ങൾ എന്നിങ്ങനെ കുട്ടികളുടെ വ്യക്തിപരമായ വളർച്ചയ്ക്കും വികസനത്തിനും അനിവാര്യമായ ഘടകങ്ങൾ കൊണ്ട് അവരെ ശാക്തീകരിക്കുന്നതിലും അതിലൂടെ ആത്യന്തികമായി അവരുടെ ജീവിതം രൂപാന്തരപ്പെടുത്തുന്നതിനും ശോഭനമായ ഭാവി കരുപിടിപ്പിക്കുന്നതിനും ഈ ഉപമേഖലയ്ക്കു കീഴിലുള്ള പ്രോജക്റ്റുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. തിരഞ്ഞെടുത്ത പ്രോജക്റ്റുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു:

#### *3.6.1.1 സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കൽ*

എസ്‌സി/എസ്ടി വികസന വകുപ്പുകൾ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതിക്കു പുറമേ, പ്രൊഫഷണൽ/ബിരുദ/പോളിടെക്നിക് കോഴ്സുകൾ പഠിക്കുന്ന എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പിആർഐകൾ പദ്ധതി നടപ്പാക്കുകയുണ്ടായി.

തുടർന്നു വരുന്ന ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളതുപോലെ, വരുമാനത്തെ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ, തിരഞ്ഞെടുപ്പിന്റെ നിർദ്ദിഷ്ട നടപടി ക്രമങ്ങളിൽ നിന്നുള്ള വ്യതിചലനം, ഭരണപരമായ വീഴ്ചകൾ മൂലം സ്കോളർഷിപ്പ് കിട്ടാതിരിക്കൽ മുതലായ അപര്യാപ്തതകൾ/വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി:

***i. വരുമാനം സ്കോളർഷിപ്പിനുള്ള യോഗ്യതാമാനദണ്ഡമായി സ്വീകരിക്കൽ***

എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചപ്പോൾ സ്കോളർഷിപ്പ് നൽകുന്നതിന് ഒരു യോഗ്യതാ മാനദണ്ഡവും നിശ്ചയിച്ചില്ല. എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാനം ഒരു

മാനദണ്ഡമാകരുത് എന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 16[20] പിആർഐകൾ, സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി, വരുമാനം നിശ്ചയിക്കുകയുണ്ടായി എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. **പട്ടിക 3.10ൽ** ജില്ലാതല വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

**പട്ടിക 3.10: വരുമാനപരിധി യോഗ്യതാ മാനദണ്ഡമായി നിശ്ചയിച്ച പിആർഐകളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച പിആർഐകളുടെ എണ്ണം | വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച പിആർഐകളുടെ പേര് |
|---|---|---|
| കോട്ടയം | 7 | കോട്ടയം ഡിപി, പാമ്പാടി ജിപി, പള്ളം ബിപി, കുറിച്ചി ജിപി, പള്ളിക്കത്തോട് ജിപി, മേലുകാവ് ജിപി, തലനാട് ജിപി |
| തൃശ്ശൂർ | 3 | നടത്തറ ജിപി, പരിയാരം ജിപി, ആതിരപ്പിള്ളി ജിപി, |
| മലപ്പുറം | 4 | പാണ്ടിക്കാട് ജിപി, കാളിക്കാവ് ബിപി, വണ്ടൂർ ജിപി,ചൊക്കാട് ജിപി |
| കോഴിക്കോട് | 2 | പുതുപ്പാടി ജിപി ,കൊടുവള്ളി ബിപി |
| **ആകെ** | **16** | |

*(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ പ്രോജക്ട് പത്രിക)*

### *ii. സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് നടപടിക്രമം സ്വീകരിക്കാതിരിക്കൽ*

ഓരോ പ്രോജക്ടിനുകീഴിലും ആനുകൂല്യങ്ങളുടെ നീതിപൂർണ്ണമായ വിതരണം ഉറപ്പാക്കാൻ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിൽ നിന്നും വളരെ കൂടുതൽ അപേക്ഷകരുള്ളപ്പോൾ വാർഡു തലത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പദ്ധതിരൂപീകരണ മാർഗ്ഗരേഖകൾ ഒരു ഫോർമുല നിശ്ചയിക്കുകയുണ്ടായി. ഒരു വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല, (വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം ÷ എല്ലാ വാർഡുകളിലേയും യോഗ്യരായ അപേക്ഷകരുടെ ആകെ എണ്ണം)× സ്കോളർഷിപ്പികളുടെ മൊത്തം എണ്ണം, ആയിരുന്നു. ഉദാഹരണത്തിന്, വാർഡ് എ യിലെ അപേക്ഷകരുടെ എണ്ണം എട്ടും എല്ലാ വാർഡുകളിലേയും അപേക്ഷകരുടെ മൊത്തം എണ്ണം 32 ഉം ലഭ്യമായ സ്കോളർഷിപ്പുകളുടെ എണ്ണം 20 ഉം ആണെങ്കിൽ വാർഡ് എ-യ്ക്കു ലഭിക്കേണ്ട സ്കോളർഷിപ്പുകളുടെ ആനുപാതിക എണ്ണം, 8÷32×20 = 5 ആയിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട പിആർഐകളിലെ സ്കോളർഷിപ്പിനു വേണ്ടിയുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് രീതി ഓഡിറ്റ് വിശകലനം ചെയ്യുകയും നിർദ്ദിഷ്ട തിരഞ്ഞെടുപ്പ് നടപടി ക്രമം പാലിക്കാതെ ബന്ധപ്പെട്ട പിആർഐകൾ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കാലയളവിൽ 10 പിആർഐകൾ[21] 368[22] വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചതായി കണ്ടെത്തുകയും ചെയ്തു. **പട്ടിക 3.11ൽ** ജില്ലാതല വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

---

[20] കോട്ടയം ഡിപി, കാളികാവ്, പള്ളം, വണ്ടൂർ, കൊടുവള്ളി ബിപികൾ, പാണ്ടിക്കാട്, പുതുപ്പാടി, പാമ്പാടി, നടത്തറ, കുറിച്ചി, ചോക്കാട്, പരിയാരം, പള്ളിക്കത്തോട്, അതിരപ്പിള്ളി, മേലുകാവ്, തലനാട് ജിപികൾ

[21] കോട്ടൂർ, കോടശ്ശേരി, കുന്ദമംഗലം, അതിരപ്പിള്ളി, പുത്തൂർ, പരിയാരം, പാമ്പാടി, മാമ്പാട്, എരുമേലി, കോടഞ്ചേരി ജിപികൾ

[22] 2020-21ൽ: 98 ഗുണഭോക്താക്കൾ, 2021-22ൽ: 103 ഗുണഭോക്താക്കൾ, 2022-23ൽ: 167 ഗുണഭോക്താക്കൾ

**പട്ടിക 3.11 : മാനദണ്ഡങ്ങൾ ലംഘിച്ച് വിതരണം ചെയ്ത സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | നിർദ്ദിഷ്ട തിരഞ്ഞെടുപ്പ് നടപടി ക്രമം പാലിക്കാത്ത പിആർഐകളുടെ എണ്ണം | ലഭിച്ച അപേക്ഷകളുടെ എണ്ണം | ഓരോ ജില്ലയിലും സ്കോളർഷിപ്പുകൾ അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം | സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| കോട്ടയം | 2 | 158 | 86 | 22 |
| തൃശ്ശൂർ | 3 | 459 | 107 | 34 |
| മലപ്പുറം | 1 | 116 | 34 | 12 |
| കോഴിക്കോട് | 4 | 258 | 141 | 22 |
| **ആകെ** | **10** | **991** | **368** | **90** |

*(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകൾ നൽകിയ ഡാറ്റ)*

മാർഗ്ഗരേഖകൾ പാലിക്കാതിരുന്നതുമൂലം 10 പിആർഐകളിൽ അർഹരായ 90 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടു. സംസ്ഥാന സർക്കാർ നിശ്ചയിച്ചിരുന്ന നടപടിക്രമം പാലിക്കാതിരുന്നതുമൂലം എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിലെ ആനുകൂല്യങ്ങളുടെ ന്യായവും സമതുല്യവുമായ വിതരണം എന്ന ഉദ്ദേശ്യം തന്നെ പരാജയപ്പെട്ടു.

ഉദാഹരണത്തിന്, കോട്ടയം ജില്ലയിലെ പാമ്പാടി ജിപിയിൽ 2020-21ൽ ആറാം വാർഡിൽ നിന്നും സ്കോളർഷിപ്പിനുള്ള നാല് അപേക്ഷകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയുണ്ടായി, എന്നാൽ, ആർക്കും തന്നെ സ്കോളർഷിപ്പ് നൽകിയില്ല. എല്ലാ വാർഡുകളിൽ നിന്നുമായി ആ വർഷം ജിപിയ്ക്ക് 32 അപേക്ഷകൾ ലഭിച്ചതിൽ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി. ഫോർമുല പാലിച്ചായിരുന്നെങ്കിൽ ആറാം വാർഡിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് (4÷32×15=1.88) സ്കോളർഷിപ്പുകൾ ലഭിക്കുമായിരുന്നു.

### *iii. മലപ്പുറം ജില്ലയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭരണപരമായ വീഴ്ചമൂലം 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാതിരുന്നത്*

മലപ്പുറം ജില്ലയിലെ ചാലിയാർ ജിപിയിൽ 2021-22ൽ കോണമുണ്ട ജിഎൽപി സ്കൂൾ ഹെഡ്മാസ്റ്ററെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിക്കൊണ്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള ഒരു പ്രോജക്ട് രൂപീകരിക്കപ്പെട്ടു. പ്രോജക്ടിനായി കണക്കാക്കപ്പെട്ട ചെലവ് ₹95,160 ആയിരുന്നു. 14 അപേക്ഷകൾ ലഭിച്ചതിൽ, അഞ്ച് പട്ടികജാതി വിദ്യാർഥികളെ സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തു. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് നടപ്പാക്കിയില്ല. 2021-22ൽ ആനുകൂല്യം നിഷേധിക്കപ്പെട്ട അഞ്ച് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് 2022-23ൽ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ₹3.05 ലക്ഷം ചെലവ് കണക്കാക്കി വീണ്ടും പ്രോജക്ട് രൂപീകരിച്ചു. എന്നാൽ, ഹെഡ്മാസ്റ്റർ (നിർവ്വഹണ ഉദ്യോഗസ്ഥൻ) ഫണ്ടുകൾക്കു വേണ്ടി ജിപിയ്ക്ക് അപേക്ഷ സമർപ്പിച്ചത് 2023 മാർച്ചിൽ മാത്രമായിരുന്നു. ഫണ്ടുകളുടെ ലഭ്യത കുറവ് കാരണം പ്രോജക്ട് നടപ്പാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ആവർത്തിച്ച വീഴ്ചകൾ 2021-22ൽ അഞ്ച് പട്ടികജാതി വിദ്യാർത്ഥികൾക്കും 2022-23ൽ 15 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നിഷേധിക്കുന്നതിൽ കലാശിച്ചു.

### *3.6.1.2 സർവ്വ ശിക്ഷാ അഭിയാൻ – എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ – ₹0.67 കോടി*

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്എസ്എ)[23] പരിപാടിയുടെ നടപ്പാക്കലിനായി പദ്ധതി ഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ നിഷ്കർഷിക്കുന്നു. എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള എസ്എസ്എ വിഹിതം, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി വകയിരുത്തേണ്ടതാണെന്ന് മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ എസ്‌സിഎസ്‌പിയ്ക്ക് കീഴിലുള്ള 14 പിആർഐകളും ടിഎസ്‌പിയ്ക്ക് കീഴിലുള്ള ആറ് പിആർഐകളും, എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ കൂടുതൽ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടാണ് പ്രോജക്ടുകൾ രൂപീകരിച്ചത്. ഇത്, **പട്ടിക 3.12ലും പട്ടിക 3.13ലും** വിശദമാക്കിയിരുന്നതുപോലെ, 2020–21 മുതൽ 2022–23 വരെയുള്ള കാലയളവിൽ എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ ₹0.50 കോടിയുടേയും, ടിഎസ്‌പിയ്ക്ക് കീഴിൽ ₹0.17 കോടിയുടേയും ഫണ്ട് പൊതുവിഭാഗത്തിന്റെ ആനുകൂല്യത്തിനായി വകമാറ്റി ചെലവഴിക്കുന്നതിനു കാരണമായി.

**പട്ടിക 3.12: എസ്എസ്എയിലേക്ക് എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം**

*(₹ ലക്ഷത്തിൽ)*

| കാലയളവ് | വകമാറ്റിയ തുക | | | | വകമാറ്റിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട് |
|---|---|---|---|---|---|
| | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് | |
| 2020-21 | 0.92 | 1.25 | 14.34 | 2.70 | 19.21 |
| 2021-22 | 1.28 | 1.90 | 7.92 | 2.79 | 13.89 |
| 2022-23 | 5.96 | 1.86 | 4.15 | 5.07 | 17.04 |
| **ആകെ** | **8.16** | **5.01** | **26.41** | **10.56** | **50.14** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികകളും)*

**പട്ടിക 3.13: എസ്എസ്എയിലേക്ക് ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം**

*(₹ ലക്ഷത്തിൽ)*

| കാലയളവ് | വകമാറ്റിയ തുക | | | | വകമാറ്റിയ മൊത്തം ടിഎസ്‌പി ഫണ്ട് |
|---|---|---|---|---|---|
| | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് | |
| 2020-21 | 2.53 | ഇല്ല | 4.04 | ഇല്ല | 6.57 |
| 2021-22 | 3.04 | ഇല്ല | 3.95 | ഇല്ല | 6.99 |
| 2022-23 | 0.93 | ഇല്ല | 2.43 | ഇല്ല | 3.36 |
| **ആകെ** | **6.50** | **ഇല്ല** | **10.42** | **ഇല്ല** | **16.92** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികകളും)*

എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ, എസ്എസ്എ (പൊതു) വഹിതത്തിലേക്ക് ഗണ്യമായി വകമാറ്റിയതായി മുകളിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു, പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ.

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ജിപിയിൽ എസ്എസ്എ പദ്ധതിയിൽ 5526 വിദ്യാർത്ഥികൾക്കുവേണ്ടി എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ ₹അഞ്ച് ലക്ഷം വകയിരുത്തിക്കൊണ്ട് 2020–21ൽ ഒരു പ്രോജക്ട് രൂപീകരിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. എന്നാൽ, ഈ 5526 വിദ്യാർത്ഥികളിൽ 483 പേർ മാത്രമാണ് പട്ടികജാതി വിഭാഗക്കാർ, ബാക്കിയുള്ള 5043 പേരും പൊതുവിഭാഗത്തിൽ

[23] സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം കൈവരിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സമഗ്രവും, സംയോജിതവുമായ ഒരു സുപ്രധാന പരിപാടിയാണ് എസ്എസ്എ

പെടുന്നവരാണ്. വസ്തുത ഇതായിരിക്കെ, പട്ടികജാതി വിദ്യാർത്ഥികളുടെ ആനുപാതിക വിഹിതം ₹0.44 ലക്ഷം മാത്രമായിരുന്നു, ₹4.56 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ട് പൊതുവിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വകമാറ്റപ്പെട്ടു. ഈ ഫണ്ട് വകമാറ്റം, പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനെ പിൻതാങ്ങുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന എസ്‌സിഎസ്‌പിയുടെ ഉദ്ദേശ്യത്തെ ദുർബലപ്പെടുത്തുന്നു.

തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ തിരഞ്ഞെടുത്ത പിആർഐകളിൽ ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം ഉള്ളതായി ഓഡിറ്റ് കണ്ടെത്തിയില്ല.

### 3.6.2 കുടിവെള്ളം

അടിസ്ഥാന ആരോഗ്യ പരിപാലനത്തിനും ശുചിത്വത്തിനും ആവശ്യമായ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത എല്ലാ പൗരന്മാർക്കും ഒരു നിശ്ചിത അളവിലെങ്കിലും കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും, തദ്ദേശീയ സർക്കാരുകളും ഉറപ്പാക്കണമെന്ന് 2012ലെ ദേശീയ ജലനയം നിഷ്കർഷിക്കുന്നു. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളെ തുടർന്ന് കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും സേവന മേഖലാ ചെലവുകളുടെ യഥാക്രമം 5.82 ശതമാനവും 4.50 ശതമാനവും പരിശോധന നടത്തിയ പിആർഐകൾ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ കുടിവെള്ള വിതരണ (ഡിഡബ്ല്യുഎസ്) പദ്ധതികളുടേതായിരുന്നു.

ഓഡിറ്റ് കാലയളവിൽ പരിശോധിച്ച പിആർഐകൾ പട്ടികജാതിക്കാരുടെ പ്രയോജനത്തിനായി ₹32.35 കോടി പ്രോജക്ട് ചെലവു വരുന്ന 452 ഡിഡബ്ല്യുഎസ് പ്രോജക്ടുകളും പട്ടിക വർഗ്ഗക്കാരുടെ പ്രയോജനത്തിനായി ₹2.51 കോടി പ്രോജക്ട് ചെലവു വരുന്ന 73 ഡിഡബ്ല്യുഎസ് പ്രോജക്ടുകളും രൂപീകരിക്കുകയുണ്ടായി. എന്നാൽ 37 പിആർഐകൾ പട്ടികജാതി ഗുണഭോക്താക്കൾക്കായി ₹10.87 കോടി പ്രോജക്ട് ചെലവു വരുന്ന 168 പ്രോജക്ടുകളും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വേണ്ടി ₹0.65 കോടി പ്രോജക്ട് ചെലവു വരുന്ന 22 പ്രോജക്ടുകളും നടപ്പാക്കിയില്ല. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3ലും, അനുബന്ധം 3.4ലും** കൊടുത്തിരിക്കുന്നു. തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു:

#### *3.6.2.1 ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം 65 എസ്‌സി/എസ്‌ടി അധിവാസ കേന്ദ്രങ്ങളിൽ കുടിക്കാൻയോഗ്യമല്ലാത്ത ജലത്തിന്റെ ഉപയോഗം*

ഓഡിറ്റ്, 45 പിആർഐകളിലെ 65 എസ്‌സി/എസ്‌ടി അധിവാസകേന്ദ്രങ്ങളിൽ (35 എസ്‌സി, 30 എസ്‌ടി സെറ്റിൽമെന്റുകൾ) കുടിവെള്ള സ്രോതസ്സുകളുടെ സംയുക്ത ഭൗതിക പരിശോധന നടത്തുകയുണ്ടായി. ജല സാമ്പിളുകൾ ശേഖരിക്കുകയും പിഎച്ച്, ടോട്ടൽ ഡിസോള്വ്ഡ് സോളിഡ്സ് (ടിഡിഎസ്), ക്ലോറൈഡുകൾ, കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ എണ്ണം എന്നിവ ഉൾപ്പെടെ പൊതുവായ കുടിവെള്ള ഗുണനിലവാരം സർക്കാർ അംഗീകൃത ലാബുകളിൽ പരീക്ഷണ വിധേയമാക്കുകയും ചെയ്തു. 88 ശതമാനം (57) സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടേയും 60 ശതമാനം (39) സാമ്പിളുകളിൽ ഇ-കോളി ബാക്ടീരിയയുടേയും സാന്നിധ്യം കണ്ടെത്തുകയും 63 ശതമാനം (41) സാമ്പിളുകളിൽ വെള്ളത്തിന്റെ താഴ്ന്ന പിഎച്ച് ശ്രദ്ധയിൽ പെടുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.5ൽ** കൊടുത്തിരിക്കുന്നു. 45 പിആർഐകളിലെ എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ പരിശോധിച്ച എല്ലാ കുടിവെള്ള സ്രോതസ്സുകളും മലിനീകൃതവും, കുടിക്കാൻ യോഗ്യമല്ലതാത്തതും ആണെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ 12 സാമ്പിളുകളിൽ, കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ സാന്നിധ്യം 'എണ്ണാവുന്നതിലും അധികം' ആയിരുന്നു. വിശദാംശങ്ങൾ **പട്ടിക 3.14ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 3.14: കുടിവെള്ള പരിശോധനാ ഫലങ്ങളുടെ ക്രോഡീകരണം**

| വിഭാഗം | ജില്ല | പിആർഐകളുടെ എണ്ണം | സാമ്പിളുകൾ ശേഖരിച്ച സ്രോതസ്സുകളുടെ എണ്ണം | ഉയർന്ന കലക്കൽ* | താഴ്ന്ന പിഎച്ച്* | കോളി ഫോം ബാക്ടീരിയുടെ സാന്നിദ്ധ്യം* | ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം* | ഇരുമ്പിന്റെ ഉയർന്ന സാന്നിദ്ധ്യം* |
|---|---|---|---|---|---|---|---|---|
| എസ്‌സി സെറ്റിൽമെന്റ് | കോട്ടയം | 8 | 8 | ഇല്ല | 7 | 6 | 4 | ഇല്ല |
| | തൃശ്ശൂർ | 8 | 8 | 1 | 6 | 8 | 5 | 1 |
| | മലപ്പുറം | 7 | 7 | ഇല്ല | 2 | 7 | 6 | 3 |
| | കോഴിക്കോട് | 12 | 12 | 3 | 7 | 9 | 6 | 3 |
| **ആകെ** | | **35** | **35** | **4** | **22** | **30** | **21** | **7** |
| എസ്‌ടി സെറ്റിൽമെന്റ് | കോട്ടയം | 7 | 7 | 1 | 6 | 6 | 6 | ഇല്ല |
| | തൃശ്ശൂർ | 6 | 6 | ഇല്ല | 4 | 5 | 4 | ഇല്ല |
| | മലപ്പുറം | 9 | 9 | ഇല്ല | 3 | 9 | 6 | 4 |
| | കോഴിക്കോട് | 8 | 8 | ഇല്ല | 6 | 7 | 2 | ഇല്ല |
| **ആകെ** | | **30** | **30** | **1** | **19** | **27** | **18** | **4** |

*(ഉറവിടം : പിആർഐകളിൽ നിന്ന് ശേഖരിച്ച കുടിവെള്ള സാമ്പിളുകളുടെ പരിശോധനാ ഫലം)*
**കലങ്ങിയ അവസ്ഥയുടെ അഭിലഷണീയ പരിധി 1 എൻടിയു - 5 എൻടിയു, പിഎച്ച് : 6.5 - 8.5, ഇരുമ്പ് : 0.3 മില്ലിഗ്രാം/ലിറ്റർ, കോളിഫോമും ഇ-കോളിയും : ഇല്ല എന്നായിരിക്കണം.*

ചാലിയാർ ജിപിയിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ഗാർഡൻ ഹോസുകൾ ഉപയോഗപ്പെടുത്തി ഗുരുത്വാകർഷണ ബലം വഴി ചൂരപ്പുഴ അരുവിയിൽ നിന്നും നേരിട്ട് രണ്ട് പിവിസി ടാങ്കുകളിൽ വെള്ളം ശേഖരിക്കുന്നതായി ഓഡിറ്റ് കണ്ടു. ടാങ്കിൽ നിന്നും എടുത്ത വെള്ളത്തിന്റെ സാമ്പിൾ പൊതുവായ കുടിവെള്ള ഗുണനിലവാരം അറിയാൻ കെഡബ്ല്യൂഎ ലാബിൽ പരിശോധിക്കുകയും കോളിഫോം, ഇ-കോളി ബാക്ടീരിയ (രണ്ടുതരം ബാക്ടീരിയയുടേയും സാന്നിധ്യം എണ്ണിപ്പറയാവുന്നതിനുമപ്പുറം അധികമായിരുന്നു) മൂലം മലിനീകൃതമായിരുന്നതിനാൽ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. വിശദാംശങ്ങൾ ഖണ്ഡിക 3.6.10ൽ നല്കിയിട്ടുണ്ട്.

ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ പിആർഐകൾ പരാജയപ്പെട്ടതുമൂലം, ലഭ്യമായ സ്രോതസ്സുകളിൽ നിന്ന് ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കാൻ തദ്ദേശവാസികൾ നിർബന്ധിതരാവുകയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്തു.

### *3.6.2.2 പതിനാല് എസ്‌സി, അഞ്ച് എസ്‌ടി സെറ്റിൽമെന്റുകളിൽ കുടിവെള്ള വിതരണ സൗകര്യങ്ങൾക്ക് ഉണ്ടായ ₹1.18 കോടിയുടെ നിഷ്ഫല ചെലവ്*

വൻകിട പദ്ധതികൾ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ ചെറുകിട, ആവശ്യ-പ്രേരിത കമ്യൂണിറ്റി നേതൃത്വത്തിലുള്ള ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നത്, കുടിവെള്ള ലഭ്യതയ്ക്കുള്ള ഒരു പ്രായോഗിക പരിഹാരമാർഗ്ഗമാണ്. സമൂഹോന്മുഖ കുടിവെള്ള പദ്ധതികൾ വിജകരമായി നടപ്പാക്കുന്നതിന്, പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനു മുൻപായി, ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ യീൽഡ് പരിശോധനകൾ വഴി ജല ലഭ്യത ഉറപ്പാക്കേണ്ടതും ആവശ്യമാണ്.

തിരഞ്ഞെടുത്ത എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടത്തിയ ഒരു സംയുക്ത ഭൗതിക പരിശോധനയിൽ, 2020-21 കാലയളവിൽ, മൊത്തം ₹1.18 കോടി ചെലവിൽ, എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടപ്പാക്കിയ 19 ചെറുകിട കുടിവെള്ള വിതരണ സംവിധാനങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെട്ടതായി ഓഡിറ്റ് കണ്ടെത്തി. ഡിഡബ്ല്യുഎസ് സംവിധാനങ്ങളുടെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 3.15ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.15: കുടിവെള്ള പദ്ധതികളിലെ നിഷ്ഫല ചെലവുകൾ**

*(₹ കോടിയിൽ)*

| ജില്ല | എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ ഡിഡബ്ല്യൂഎസ് സംവിധാനങ്ങൾ | | ടിഎസ്‌പിയ്ക്ക് കീഴിലെ ഡിഡബ്ല്യൂഎസ് സംവിധാനങ്ങൾ | |
|---|---|---|---|---|
| | എണ്ണം | ഉണ്ടായ ചെലവ് | എണ്ണം | ഉണ്ടായ ചെലവ് |
| കോട്ടയം | 6 | 0.26 | 3 | 0.07 |
| മലപ്പുറം | 3 | 0.12 | 0 | 0.00 |
| തൃശ്ശൂർ | 2 | 0.15 | 1 | 0.07 |
| കോഴിക്കോട് | 3 | 0.49 | 1 | 0.02 |
| **ആകെ** | **14** | **1.02** | **5** | **0.16** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)*

പരാജയകാരണങ്ങളിൽ, താഴെ വിവരിച്ചിരിക്കുന്നതുപോലെ, അനുചിതമായ സാദ്ധ്യതാ പഠനങ്ങൾ, അനുയോജ്യമല്ലാത്ത സ്ഥലങ്ങളുടെ കണ്ടെത്തൽ, മോട്ടോർ പമ്പുകളുടെ കൃത്യമായ ഇടവേളകളിലുള്ള പരിപാലനത്തിന്റെ അഭാവം, പൊട്ടിയ പൈപ്പുകൾ, ജലലഭ്യതക്കുറവ് മുതലായവ ഉൾപ്പെടുന്നു:

### *വികലമായ ആസൂത്രണം മൂലം പ്രോജക്ടുകളുടെ പരാജയം*

ഏഴ് പിആർഐകളിലെ[24] എസ്‌സി സെറ്റിൽമെന്റുകളിൽ ₹0.63 കോടി ചെലവിൽ, നടപ്പാക്കിയ എട്ട് ഡിഡബ്ല്യൂഎസ് പ്രോജക്ടുകൾ, കുത്തിയ കിണറുകളിലെ വെള്ളത്തിന്റെ ലഭ്യതക്കുറവ്, മാലിന്യങ്ങളുടെ സാന്നിദ്ധ്യം മൂലം ജലത്തിന്റെ ഉപയോഗശൂന്യത മുതലായവ മൂലം നിഷ്ഫലങ്ങളായിത്തീർന്നു. യീൽഡ് പരിശോധനയിലൂടെ ജലലഭ്യത ഉറപ്പുവരുത്താതെയും ജലഗുണനിലവാരപഠനം നടത്താതെയും, പ്രോജക്ടുകൾ നടപ്പാക്കിയതാണ് പ്രോജക്ടുകളുടെ പരാജയത്തിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ₹0.30 കോടി ചെലവിൽ നാല് പിആർഐകളിൽ (രണ്ട് എസ്‌സിയും രണ്ട് എസ്‌ടിയും)[25] പടുത്തുയർത്തിയ ആറ് കുടിവെള്ള വിതരണ സംവിധാനങ്ങൾ, ജലം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥാപിക്കാതിരുന്നത്, വാട്ടർടാങ്കുകളുടെ നിർമ്മാണം/പരിപാലനം നടക്കാത്തത് മുതലായ കാരണങ്ങളാൽ പ്രവർത്തനരഹിതമായി തുടരുകയും, ഇത് ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ട പ്രയോജനങ്ങളുടെ നിഷേധത്തിനിടയാക്കുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.6ൽ** കൊടുത്തിരിക്കുന്നു.

### *കൃത്യമായ ഇടവേളകളിലുള്ള പരിപാലനങ്ങളുടെ അഭാവം*

അഞ്ച് എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ[26] ₹0.25 കോടി മൊത്തം ചെലവിൽ സ്ഥാപിച്ച അഞ്ച് ഡിഡബ്ല്യൂഎസ് പ്രോജക്ടുകൾ സംഭരണ ടാങ്കിലെ ചോർച്ച മൂലം പ്രവർത്തനരഹിതമായി. കൃത്യമായ പരിപാലനത്തിന്റെ അഭാവമാണ്, ഉദ്ദേശിച്ച ഗുണഭോക്താക്കൾക്ക് കുടിവെള്ളം നിഷേധിക്കുന്നതിന് ഇടയാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.7ൽ** കൊടുത്തിരിക്കുന്നു.

ജനവിഭാഗങ്ങളുടെ നേതൃത്വത്തിലുള്ള കുടിവെള്ള പദ്ധതികളുടെ വിജയം ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ ആസൂത്രണം, ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ കണ്ടെത്തൽ, കൃത്യമായ അറ്റകുറ്റപ്പണികൾ എന്നിവയുടെ ആവശ്യകത, മുകളിൽ പറഞ്ഞ സന്ദർഭങ്ങൾ എടുത്തുകാണിക്കുന്നു.

### *3.6.2.3 കുടിവെള്ള പദ്ധതികൾ നടപ്പാക്കാത്തത് – മലപ്പുറം ജില്ല*

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, 2021–22, 2022–23 വർഷങ്ങളിൽ വിവിധ എസ്‌സി സെറ്റിൽമെന്റുകളിൽ ചെറുകിട കുടിവെള്ള വിതരണ സംവിധാനങ്ങളുടെ നിർമ്മാണത്തിനായി, ₹0.85 കോടി മൊത്തം പദ്ധതിചെലവു വരുന്ന

[24] പള്ളം, നിലമ്പൂർ, കുന്ദമംഗലം, കൊടുവള്ളി, കാഞ്ഞിരപ്പള്ളി ബിപികൾ, എടവണ്ണ, കോടശ്ശേരി ജിപികൾ

[25] തൃശ്ശൂർ ഡിപി, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട ബിപികൾ, മൂന്നിലവ് ജിപി

[26] ബാലുശ്ശേരി, കാളികാവ്, കൊടകര ബിപികൾ, കൂടരഞ്ഞി, മൂന്നിലവ് ജിപികൾ

12 പ്രോജക്റ്റുകൾ (**അനുബന്ധം 3.8**) രൂപീകരിക്കുകയുണ്ടായി. എന്നാൽ ₹54.43 ലക്ഷം ചെലവ് ചെയ്ത്, ₹61.05 ലക്ഷം പ്രോജക്റ്റ് ചെലവുള്ള എട്ട് പ്രോജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്.

ഓഡിറ്റ് ₹24.34 ലക്ഷം ചെലവുവരുന്ന നാല് പ്രോജക്റ്റുകൾ നടപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ വിശകലനം ചെയ്തു. അനുയോജ്യമല്ലാത്ത ഭൂമി കണ്ടെത്തൽ പ്രോജക്റ്റ് രൂപീകരണത്തിനു മുൻപായി ഭൂജല വകുപ്പിൽ (ജിഡബ്ല്യുഡി) നിന്ന് സാധ്യതാ സാക്ഷ്യപത്രം നേടാതിരിക്കൽ എന്നിവയാണ് പ്രോജക്റ്റുകൾ നടപ്പാക്കാതിരിക്കുന്നതിന് കാരണമായി ഓഡിറ്റ് നിരീക്ഷിച്ചത്. ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വരുത്തിയ വീഴ്ച ഗുണഭോക്താക്കൾക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാൻ ഇടയാക്കി.

### *3.6.2.4 എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ട് വകയിൽ ₹42 ലക്ഷം കേരള ഭൂജല വകുപ്പിൽ തടയപ്പെട്ടത് സംബന്ധിച്ച് – കോട്ടയം ജില്ല*

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, 2017-18ൽ ₹0.76 കോടി ചെലവിൽ ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഏഴ് ജിപികളിലെ പട്ടികജാതി സെറ്റിൽമെന്റുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 16 കുഴൽ കിണറുകൾ കുഴിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കാഞ്ഞിരപ്പള്ളി ബിപി സെക്രട്ടറിയും ജിഡബ്ല്യുഡി ജില്ലാ ഓഫീസറും തമ്മിൽ ഒരു കരാർ ഒപ്പു വയ്ക്കുകയും (2018 ഫെബ്രുവരി) പൂർത്തീകരണത്തിന് ഒരു മാസം (2018 മാർച്ച്) സമയം നിശ്ചയിക്കുകയും മുഴുവൻ തുകയും ജിഡബ്ലിയുഡിയിൽ നിക്ഷേപിക്കുകയും ചെയ്തു (2018 ഫെബ്രുവരി). എന്നാൽ, 16 കുഴൽ കിണറുകളിൽ ജിഡബ്ല്യുഡി മൂന്ന് എണ്ണത്തിന്റെ നിർമ്മാണം മാത്രമേ പൂർത്തിയാക്കിയുള്ളൂ. നിർമ്മിച്ച ഏഴ് കുഴൽ കിണറുകളിൽ മതിയായ ജലത്തിന്റെ അഭാവത്താൽ ഇലക്ട്രിക് പമ്പ് സ്ഥാപിക്കുകയുണ്ടായില്ല, പകരം ഹാന്റ് പമ്പുകൾ ആണ് സ്ഥാപിച്ചത്. ആറ് സൈറ്റുകളിൽ ജലലഭ്യത ഇല്ലാത്തതിനാൽ കുഴൽ കിണറുകൾ നിർമ്മിച്ചിട്ടില്ല. ₹0.34 കോടി ചെലവു ചെയ്തതിനുശേഷം, പ്രോജക്റ്റ് 2024 മേയിൽ നിർമ്മാണം നിർത്തുകയും ബാക്കി തുകയായ ₹0.42 കോടി കഴിഞ്ഞ അഞ്ച് വർഷമായി (2023 മാർച്ച്) ജിഡബ്ല്യുഡി കൈവശം വച്ചിരിക്കുകയുമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ ഗണ്യമായ കുറവുകൾ ഓഡിറ്റിൽ വെളിപ്പെടുകയുണ്ടായി. കാര്യമായ നിക്ഷേപങ്ങൾ ഉണ്ടായിരുന്നിട്ടും, പല പ്രോജക്റ്റുകളും പ്രവർത്തനരഹിതമോ, അപൂർണ്ണമോ, മലിനീകൃത ജലം നൽകുന്നതോ ആയി കാണപ്പെട്ടു. ഇത് ഏറ്റവും പിന്നാക്ക സമുദായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കുന്നതിൽ കലാശിച്ചു.

### 3.6.3 ഭവനനിർമ്മാണ പദ്ധതികളുടെ നടപ്പാക്കൽ

കേരള സംസ്ഥാന ഭവനനിർമ്മാണ നയം 2011, സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളുടെ, പ്രത്യേകിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, ഭൂരഹിതർ, അഗതികൾ, സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ, ദരിദ്രരിൽ ഏറ്റവും ദരിദ്രർ എന്നിവരുടെ ഭവനനിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശ്രമങ്ങൾ ശക്തമാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ്. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളോടെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുതിനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഭൂരഹിതരും, ഭവനരഹിതരും ആയ എല്ലാ കുടുംബങ്ങൾക്കും അന്തസ്സോടെയും സുരക്ഷിതമായും വസിക്കാനുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യമിട്ടുള്ള സംസ്ഥാനതല ഭവന നിർമ്മാണ പദ്ധതിയാണ് ലൈഫ് പദ്ധതി – ഉപജീവനവും ഉൾപ്പെടുത്തലും ധനകാര്യ ശാക്തീകരണവും (ലൈഫ്). ഈ പദ്ധതിക്കു കീഴിൽ എസ്‌സി/എസ്‌ടി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ₹നാല് ലക്ഷം വീതവും വിദൂര ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക്

₹ആറ് ലക്ഷം വീതവും നൽകുന്നു. ഈ സഹായധനം വീടുകളുടെ ഘട്ടം ഘട്ടമായുള്ള നിർമ്മാണം അടിസ്ഥാനപ്പെടുത്തി നാല് തവണകളായിട്ടാണ് നൽകുന്നത്.

ഓഡിറ്റിന്റെ ഒരു ടീമും 96 എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലെ അതാത് പിആർഐകളുടെ ഔദ്യോഗിക പ്രതിനിധികളും സംയുക്തമായി നടത്തിയ ഒരു ഗുണഭോക്തൃ സർവ്വേയിൽ സർവ്വേ ചെയ്യപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ 6.46 ശതമാനത്തിനും (32) പട്ടികവർഗ്ഗ കുടുംബങ്ങളുടെ 7.50 ശതമാനത്തിനും (21) സ്വന്തമായി വീടുകളില്ല എന്ന് വെളിപ്പെട്ടു. പരിശോധിച്ച പിആർഐകളിലെ എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിലെ ലൈഫ് പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് വിശകലനം ചെയ്യുകയും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

### *3.6.3.1 ലൈഫ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഭവനരഹിതരും, ഭൂരഹിതരും ആയ എസ്‌സി/എസ്ടി വിഭാഗക്കാരെ ഉൾപ്പെടുത്താതിരുന്നത്*

പരിശോധിച്ച 40 പിആർഐകൾ നൽകിയ കണക്കനുസരിച്ച്, 5683 ഭവനരഹിതരും[27] 2795 ഭൂരഹിതരും ഭവനരഹിതരും[28] ആയ എസ്‌സി/എസ്ടി കുടുംബങ്ങൾ ഉണ്ടായിരുന്നു. ഭവനരഹിതരായ 5085 കുടുംബങ്ങളും (എസ്‌സി 4090, എസ്ടി 995) ഭൂരഹിതരായ 2398 കുടുംബങ്ങളും (എസ്‌സി 1873, എസ്ടി 525) മാത്രമാണ് ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നത് എന്ന് ഓഡിറ്റ് കണ്ടെത്തി. അതനുസരിച്ച്, 598 ഭവനരഹിത കുടുംബങ്ങളും (എസ്‌സി 460, എസ്ടി 138) 397 ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളും (എസ്‌സി 300, എസ്ടി 97), പരിശോധിച്ച 12 പിആർഐകളിലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു (2023 മാർച്ച്). വിശദാംശങ്ങൾക്ക് **പട്ടിക 3.16ലും പട്ടിക 3.17ലും** കാണിച്ചിരിക്കുന്നു.

**പട്ടിക 3.16: ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലിന്റെ/ഒഴിവാക്കലിന്റെ അവസ്ഥ – എസ്‌സിഎസ്‌പി**

| ജില്ല | പിആർഐകളിലെ ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം | പിആർഐ കളിലെ ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം | ആകെ | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം | ആകെ | ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| കോട്ടയം | 664 | 479 | 1143 | 569 | 412 | 981 | 162 |
| തൃശ്ശൂർ | 1346 | 779 | 2125 | 1336 | 779 | 2115 | 10 |
| മലപ്പുറം | 1350 | 594 | 1944 | 1254 | 456 | 1710 | 234 |
| കോഴിക്കോട് | 1190 | 321 | 1511 | 931 | 226 | 1157 | 354 |
| **ആകെ** | **4550** | **2173** | **6723** | **4090** | **1873** | **5963** | **760** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)*

[27] എസ്‌സി 4550, എസ്ടി 1133

[28] എസ്‌സി 2173, എസ്ടി 622

**പട്ടിക 3.17: ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലിന്റെ/ഒഴിവാക്കലിന്റെ അവസ്ഥ – ടിഎസ്പി**

| ജില്ല | പിആർഐകളിലെ ഭവനരഹിത എസ്ടിക്കാരുടെ എണ്ണം | പിആർഐ കളിലെ ഭൂരഹിത ഭവനരഹിത എസ്ടിക്കാരുടെ എണ്ണം | ആകെ | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിത എസ്ടിക്കാരുടെ എണ്ണം | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവന രഹിത എസ്ടിക്കാരുടെ എണ്ണം | ആകെ | ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എസ്ടിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| കോട്ടയം | 355 | 182 | 537 | 278 | 104 | 382 | 155 |
| തൃശ്ശൂർ | 204 | 94 | 298 | 194 | 91 | 285 | 13 |
| മലപ്പുറം | 265 | 275 | 540 | 260 | 273 | 533 | 7 |
| കോഴിക്കോട് | 309 | 71 | 380 | 263 | 57 | 320 | 60 |
| **ആകെ** | **1133** | **622** | **1755** | **995** | **525** | **1520** | **235** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)*

പിആർഐ തിരിച്ചുള്ള ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം 3.9ൽ** കൊടുത്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ, 27 കുടുംബങ്ങൾ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് പൊതിഞ്ഞ ഇടിഞ്ഞുപൊളിഞ്ഞ 17 ഓലമേഞ്ഞ കുടിലുകളിലായാണ് താമസിക്കുന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ, ഈ 27 കുടുംബങ്ങളിൽ മൂന്ന് എണ്ണം മാത്രമാണ് ലൈഫിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ ഖണ്ഡിക 3.6.10ൽ നൽകിയിരിക്കുന്നു.

അർഹരായ കുടുംബങ്ങളെ തിരഞ്ഞ് കണ്ടെത്തുന്നതിന് സമഗ്രമായ ഒരു സർവ്വേ നടത്തുന്നതിനു പകരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം പിആർഐകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത് മൂലമാണ് അർഹരായ പല കുടുംബങ്ങളും പട്ടികയിൽ ഉൾപ്പെട്ടില്ലാത്തത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### *3.6.3.2 നിർദ്ദിഷ്ട കാലയളവിനുള്ളിൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്തത്*

ലൈഫ് പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് ഭവനനിർമ്മാണം ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ് സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടേതാണ്. തവണകൾ സ്വീകരിച്ചതിനു ശേഷവും നിർമ്മാണം തുടങ്ങുന്നതിന്/ പൂർത്തികരിക്കുന്നതിന് ശേഷിയില്ലാത്ത ഗുണഭോക്താക്കളെ സഹായിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. എന്നാൽ, പരിശോധിച്ച പിആർഐകളിൽ 2023 മാർച്ച് വരെ ഗുണഭോക്താക്കൾക്ക് ₹6.66 കോടിയുടെ എസ്സിഎസ്പി ഫണ്ടുകൾ വിതരണം ചെയ്ത 317 ഭവനങ്ങൾ, വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലനിൽക്കുന്നു (2024 മാർച്ച്) എന്ന് ഓഡിറ്റ് കണ്ടെത്തി. 2023-24ൽ തുടർ തവണകൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നും, ഭവനങ്ങൾ അപൂർണ്ണമായിത്തന്നെ നിലനില്ക്കുന്നു എന്നും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ താഴെ **പട്ടിക 3.18ൽ** നൽകിയിരിക്കുന്നു:

**പട്ടിക 3.18 : വിതരണം ചെയ്യപ്പെട്ട എസ്‌സിഎസ്‌പി ഫണ്ടും ഗുണഭോക്താക്കളുടെ എണ്ണവും**

*(₹ ലക്ഷത്തിൽ)*

| പദ്ധതിയുടെ പേര് | കോട്ടയം | | തൃശ്ശൂർ | | മലപ്പുറം | | കോഴിക്കോട് | |
|---|---|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക |
| ലൈഫ് I-ാംഘട്ടം | 7 | 8.09 | - | - | - | - | - | - |
| ലൈഫ് 2020 | 3 | 5.30 | 26 | 48.14 | 5 | 2.60 | 3 | 7.40 |
| ലൈഫ് II -ാം ഘട്ടം | 1 | 2.00 | 7 | 13.80 | - | - | 3 | 9.00 |
| ലൈഫ് III -ാം ഘട്ടം | 32 | 81.97 | 5 | 11.50 | 1 | 2.00 | 4 | 7.40 |
| ലൈഫ് എസ്‌സി അഡീഷണൽ | 40 | 107.60 | 7 | 18.50 | 40 | 58.70 | 85 | 187.72 |
| ആവാസ് പ്ലസ് | 1 | 3.76 | - | - | - | - | - | - |
| പിഎംഎവൈ | 7 | 17.36 | 7 | 10.40 | 29 | 51.56 | 4 | 10.70 |
| **ആകെ** | **91** | **226.08** | **52** | **102.34** | **75** | **114.86** | **99** | **222.22** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)*

കൂടാതെ, **പട്ടിക 3.19ൽ** വിശദീകരിച്ചിരിക്കുന്നത് പോലെ, 109 ഭവനങ്ങൾ കഴിഞ്ഞ ഒരു വർഷമായി വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലകൊണ്ടു (2024 മാർച്ച്). പരിശോധിച്ച പിആർഐകളിൽ ₹3.98 കോടിയുടെ ടിഎസ്‌പി ഫണ്ടുകൾ പ്രസ്തുത ഭവനങ്ങൾക്കായി ഗുണഭോക്താക്കൾക്ക് നൽകി.

**പട്ടിക 3.19: വിതരണം ചെയ്ത ടിഎസ്‌പി ഫണ്ടുകളും ഗുണഭോക്താക്കളുടെ എണ്ണവും**

*(₹ ലക്ഷത്തിൽ)*

| സ്കീമിന്റെ പേര് | കോട്ടയം | | തൃശ്ശൂർ | | മലപ്പുറം | | കോഴിക്കോട് | |
|---|---|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക |
| ലൈഫ് I-ാംഘട്ടം | - | - | - | - | - | - | - | - |
| ലൈഫ് 2020 | 6 | 9.90 | - | - | - | - | - | - |
| ലൈഫ് II-ാംഘട്ടം | - | - | 1 | 2 | - | - | 1 | 4.2 |
| ലൈഫ് III-ാംഘട്ടം | 4 | 14.80 | - | - | 1 | 3 | - | - |
| ലൈഫ് എസ്‌ടി അഡീഷണൽ | 10 | 39.50 | 5 | 19.60 | 26 | 85.40 | 41 | 175.52 |
| ആവാസ് പ്ലസ് | - | - | - | - | - | - | 2 | 7.04 |
| പിഎംഎവൈ | 7 | 25.57 | 2 | 3.90 | 2 | 3.38 | 1 | 3.76 |
| **ആകെ** | **27** | **89.77** | **8** | **25.50** | **29** | **91.78** | **45** | **190.52** |

*(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)*

ലൈഫ് മിഷൻ മാർഗ്ഗരേഖകൾ അനുസരിച്ച് പൊതുജനത്തേയും എൻജിഒകളേയും ഉൾപ്പെടുത്തിക്കൊണ്ട്, പ്രത്യേകിച്ചും സാമ്പത്തികമായോ, മറ്റ് നിർമ്മാണം സംബന്ധിച്ചോ ഉള്ള പ്രശ്നങ്ങൾ നേരിടുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണങ്ങളുടെ പൂർത്തീകരണം സുഗമമാക്കേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ, വസ്തുതർക്കങ്ങൾ, ഗുണഭോക്താക്കളുടെ മരണം, ഗുണഭോക്താവിന്റേയോ, കുടുംബാംഗങ്ങളുടെയോ ആശുപത്രിവാസം പോലെയുള്ള അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി ഫണ്ടുകളുടെ വക മാറ്റി ചെലവഴിക്കൽ, ലൈഫ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് ഭവനങ്ങളുടെ നിർമ്മാണം അപൂർണ്ണമായി തുടരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

പിആർഐകളുടെ ഫലപ്രദമായ ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ് ഭവനനിർമ്മാണം അപൂർണ്ണമായി തുടരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി. ഇത്തരം കേസുകളിൽ തുടർ നടപടികൾ എടുക്കുന്നതിലും വിവിധ ഘട്ടങ്ങളിൽ നിലച്ചുപോയ ഭവനങ്ങളുടെ പൂർത്തീകരിണത്തിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിലും പരിശോധിച്ച പിആർഐകൾ വീഴ്ചവരുത്തി.

### *3.6.3.3 ചുങ്കത്തറ ജിപി, ടിഎസ്പിയ്ക്കു കീഴിൽ 22 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കാൻ വെള്ളക്കെട്ടുള്ള പാടങ്ങൾ വാങ്ങിയതു സംബന്ധിച്ച് - ₹24.83 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് - മലപ്പുറം ജില്ല*

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപ്പഞ്ചായത്ത്, 22 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി മൊത്തം ₹24.83 ലക്ഷത്തിന്[29], 2013 മാർച്ചിൽ നിലമ്പൂർ താലൂക്കിലെ കുറുമ്പലങ്ങോട് ഗ്രാമത്തിൽ സർവ്വേ നമ്പർ 98/804ൽ, 89.35 സെന്റ് ഭൂമി വാങ്ങുകയുണ്ടായി. പൊതു ആവശ്യങ്ങൾക്ക് ജിപി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത 8.20 സെന്റ് കഴിച്ച്, ബാക്കി ഭൂമി 22 ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പേരിൽ നേരിട്ട് രജിസ്റ്റർ ചെയ്തു.

വർഷങ്ങൾക്കു മുൻപ് തങ്ങളുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തെങ്കിലും, ഗുണഭോക്താക്കൾക്ക് ആധാരങ്ങൾ കൈമാറിക്കിട്ടിയില്ല എന്നു ഓഡിറ്റ് നിരീക്ഷിച്ചു. എന്നു മാത്രമല്ല, കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം (2023 ഓഗസ്റ്റ്), നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ടതും, റോഡ് ഗതാഗതം ഇല്ലാത്തതുമായ പ്രസ്തുത ഭൂമി ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, സംസ്ഥാനത്തെ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതു നിരോധിച്ചിരിക്കുകയാണെങ്കിലും, പ്രസ്തുത ഭൂമി തരം മാറ്റുക എന്ന ഉദ്ദേശ്യത്തോടെ അതിൽ റബ്ബർ മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു എന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു **(ചിത്രം 3.2ഉം ചിത്രം 3.3ഉം)**.



***ചിത്രം 3.2 ഉം ചിത്രം 3.3 ഉം: മലപ്പുറം ജില്ലയിലെ ചുങ്കത്തറ ജിപിയിൽ റബ്ബർ മരം നട്ട് പിടിപ്പിച്ച വെള്ളക്കെട്ടുള്ള പാടങ്ങൾ (ഓഡിറ്റ് 2024 ജനുവരി 3ന് എടുത്ത ചിത്രങ്ങൾ)***

29 സെന്റിന് ₹30,000 വീതം 81.15 സെന്റ് + രജിസ്ട്രേഷൻ ഫീസ്

പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിനായി വെള്ളക്കെട്ടുള്ള ഭൂമി വാങ്ങിക്കാനുള്ള ചുങ്കത്തറ ജിപിയുടെ വിവേക ശൂന്യമായ തീരുമാനം ഈ 22 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിഷേധിക്കപ്പെടുന്നതിനും മറ്റ് ഭവനപദ്ധതികളിൽ നിന്ന് പുറം തള്ളപ്പെടുന്നതിനും ഇടയാക്കി. ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഭവനപദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഒന്നിലും തന്നെ ഈ 22 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളെ നാളിതുവരെയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് (2023 മാർച്ച് ) ഓഡിറ്റ് നിരീക്ഷികയുണ്ടായി.

### 3.6.4 സപ്ലിമെന്ററി പോഷകാഹാരപരിപാടി – ₹0.70 കോടിയുടെ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ

സപ്ലിമെന്ററി പോഷകാഹാരപരിപാടി (എസ്എൻപി)[30] നടപ്പാക്കുന്നതിന്, പദ്ധതിഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി, അതതു പിആർഐകൾ, എസ്‌സി/എസ്‌ടി വിദ്യാർത്ഥികളുടെ എസ്എൻപി വിഹിതം അനുവദിക്കണമെന്നും മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്യുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ട് എസ്‌സി/എസ്‌ടി ഗുണഭോക്താക്കൾക്കും, വികസന ഫണ്ട് (പൊതു) വകയിരുത്തിക്കൊണ്ട് പൊതുവിഭാഗ ഗുണഭോക്താക്കൾക്കും, പരിശോധിച്ച പിആർഐകൾ, വെവ്വേറെ പ്രോജക്ടുകൾ രൂപികരിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ എണ്ണവും, ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി കേന്ദ്ര സർക്കാരിന്റെ വനിതാ-ശിശു വികസനമന്ത്രാലയം നിശ്ചയിച്ചിട്ടുള്ള നിരക്കുകളെയും അടിസ്ഥാനപ്പെടുത്തിയാണ് പ്രോജക്ട് ചെലവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ, 13 പിആർഐകൾ, ₹1.94 കോടിയുടെ പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയും അതിൽ നിന്ന് ₹0.56 കോടി, എസ്‌സി ഗുണഭോക്തക്കൾക്ക് ആനുപാതികമായി വകയിരുത്തേണ്ടതിൽ കവിഞ്ഞ് വകയിരുത്തുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ, ഏഴ് പിആർഐകൾ, ₹0.47 കോടിയുടെ പ്രോജക്ടുകൾ രൂപീകരിക്കുകയും അതിൽ നിന്ന് ₹0.14 കോടി, എസ്‌ടി ഗുണഭോക്താക്കൾക്ക് ആനുപാതികമായി വകയിരുത്തേണ്ടതിൽ കവിഞ്ഞ് വകയിരുത്തുകയും ചെയ്തു. അധിക വകയിരുത്തലുകളുടെ വിശദാംശങ്ങൾ **പട്ടിക 3.20ലും പട്ടിക 3.21ലും** കൊടുത്തിരിക്കുന്നു.

**പട്ടിക 3.20 : എസ്എൻപിയ്ക്ക് വേണ്ടി എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ**

*(₹ ലക്ഷത്തിൽ)*

| കാലയളവ് | വകമാറ്റിയ തുക | | | | വകമാറ്റിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട് |
|---|---|---|---|---|---|
| | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് | |
| 2020-21 | 0.17 | 2.25 | 12.39 | 0.50 | 15.31 |
| 2021-22 | 14.05 | 0.45 | 7.82 | 1.95 | 24.27 |
| 2022-23 | 0.24 | 0.00 | 15.76 | 0.30 | 16.30 |
| **ആകെ** | **14.46** | **2.70** | **35.97** | **2.75** | **55.88** |

*(ഉറവിടം : വാർഷിക ചെലവ് പത്രികയും പിആർഐകൾ നൽകിയ ഡാറ്റയും)*

[30] കുട്ടികളിലും (ആറ് മാസം മുതൽ ആറ് വർഷം വരെ പ്രായം) ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ശിപാർശ ചെയ്യപ്പെട്ട ഡയറ്ററി അലവൻസും (ആർഡിഎ) ദൈനം ദിന ഉപഭോഗവും (എഡിഐ) തമ്മിലുള്ള വിടവുനികത്താനായാണ് എസ്എൻപി പ്രാഥമീകമായി രൂപകൽപ്പന ചെയ്തിരിക്കുന്നത്

**പട്ടിക 3.21: എസ്എൻപിയ്ക്ക് വേണ്ടി ടിഎസ്പി ഫണ്ടുകളുടെ വകമാറ്റൽ**

*(₹ ലക്ഷത്തിൽ)*

| കാലയളവ് | വകമാറ്റിയ തുക | | | | വകമാറ്റിയ മൊത്തം ടിഎസ്പി ഫണ്ട് |
|---|---|---|---|---|---|
| | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് | |
| 2020-21 | - | - | 1.89 | - | 1.89 |
| 2021-22 | 0.05 | - | 6.11 | - | 6.16 |
| 2022-23 | 0.92 | - | 5.29 | - | 6.21 |
| **ആകെ** | **0.97** | **-** | **13.29** | **-** | **14.26** |

*(ഉറവിടം : വാർഷിക ചെലവ് പത്രികയും പിആർഐകൾ നൽകിയ ഡാറ്റയും)*

ഈ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ നികത്താൻ സ്ഥാപിക്കപ്പെട്ട എസ്സിഎസ്പി/ടിഎസ്പി പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ തന്നെ വിട്ടുവീഴ്ച ചെയ്യുന്നതായിരുന്നു, ഫണ്ടുകളുടെ വകമാറ്റൽ. ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിൽ നിന്ന് ഫണ്ടുകൾ വകമാറ്റുന്നതിലൂടെ പിആർഐകൾ, നിലവിലുള്ള അന്തരം അബദ്ധവശാൽ നിലനിർത്തുകയും അതുവഴി, സാമൂഹികനീതിയും സമത്വവും പ്രോത്സാഹിപ്പിക്കുന്നതിനു ലക്ഷ്യം വച്ചുള്ള സർക്കാരിന്റെ സംരംഭങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.


## ഉത്പാദന മേഖല

എസ്സിഎസ്പി, ടിഎസ്പി ഫണ്ടുകളുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുകയും ഉത്പാദനക്ഷമമായ ആസ്തികളും, വരുമാനോത്പാദന അവസരങ്ങളും സൃഷ്ടിക്കുകയും ആണ്. 13-ഉം 14-ഉം പഞ്ചവത്സര പദ്ധതികളും, സംസ്ഥാന സർക്കാർ മാർഗ്ഗരേഖകളും കാർഷികോത്പാദനം, നൈപുണ്യ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വരുമാനോത്പാദനം പ്രവർത്തനങ്ങൾ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് ഉത്പാദന മേഖലയിൽ പ്രോജക്ടുകളുടെ മുൻഗണന നിഷ്കർഷിക്കുന്നു. ഉത്പാദനമേഖലയിലെ പ്രമുഖ ഉപമേഖലകൾക്ക് കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

### 3.6.5 ഉത്പാദനമേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിനും നടപ്പാക്കലിനും മുൻഗണന നൽകാത്തത്

താഴെ **ചാർട്ട് 3.5 ൽ** കാണിച്ചിരിക്കുന്നതു പോലെ ലക്ഷ്യമിട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പദവി, വരുമാനത്തിലൂടെയും തൊഴിൽ ഉത്പാദനത്തിലൂടെയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഉത്പാദന മേഖലാ പ്രോജക്ടുകൾക്ക്, ഏറ്റവും താഴ്ന്ന മുൻഗണനയാണ് നൽകിയതെന്ന് തിരഞ്ഞെടുത്ത പിആർഐകളുടെ ഓഡിറ്റ് വെളിപ്പെടുത്തുകയുണ്ടായി:

**ചാർട്ട് 3.5: എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വകയിരുത്തൽ**




*(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഉത്പാദനമേഖലയിലെ ഫണ്ടുകളുടെ വകയിരുത്തൽ ഓഡിറ്റ് വിശകലനം ചെയ്യുകയും പരിശോധിച്ച പിആർഐകൾ 4.07 ശതമാനം മുതൽ 10.92 ശതമാനം വരെയുള്ള പ്രോജക്ടുകൾ മാത്രമേ രൂപീകരിച്ചുള്ളൂ എന്നും ഉത്പാദനമേഖലയ്ക്കായി എസ്‌സിഎസ്‌പി ഫണ്ടുകളുടെ 1.37 ശതമാനം മുതൽ 10.06 ശതമാനം വരെ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നും കണ്ടെത്തുകയും ചെയ്തു. അതുപോലെ, ടിഎസ്‌പി ഫണ്ടുകളുടെ കാര്യത്തിൽ ഉത്പാദനമേഖലയിൽ 2.25 ശതമാനം മുതൽ 13.07 ശതമാനം വരെ പ്രോജക്ടുകൾ മാത്രം രൂപികരിക്കുകയും 2.36 ശതമാനം മുതൽ 17.87 ശതമാനം വരെ ഫണ്ടുകൾ മാത്രം വകയിരുത്തുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.10ലും അനുബന്ധം 3.11ലും** നൽകിയിരിക്കുന്നു.

**പട്ടിക 3.22ൽ** വിവരിച്ചിരിക്കുന്നതു പോലെ കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ എന്നീ ഉപമേഖലകളിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തിരഞ്ഞെടുത്ത പിആർഐകൾ വളരെ താഴ്ന്ന മുൻഗണന മാത്രമേ നൽകിയിട്ടുള്ളൂ എന്ന് ഉത്പാദന മേഖലകൾക്ക് കീഴിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ഉപമേഖലാതലത്തിലുള്ള വിശകലനം വെളിപ്പെടുത്തി. കൂടുതൽ വിവരങ്ങൾ **അനുബന്ധം 3.12ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.22: എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ ഉപമേഖലാതലത്തിലെ വകയിരുത്തൽ**

*(₹ കോടിയിൽ)*

| ആവശ്യങ്ങൾ | വിനിയോഗിച്ച മൊത്തം എസ്‌സിഎസ്‌പി ഫണ്ട് | വിനിയോഗിച്ച എസ്‌സിഎസ്‌പി ഫണ്ട് | മൊത്തം എസ്‌സിഎസ്‌പി വകയിരുത്തലിൽ എസ്‌സിഎസ്‌പിയുടെ വിനിയോഗ ശതമാനം | പിആർഐകളിലെ മുഴുവൻ മേഖലകളിലെയും മൊത്തം ടിഎസ്‌പി വകയിരുത്തൽ | വിനിയോഗിച്ച ടിഎസ്‌പി ഫണ്ട് | മൊത്തം ടിഎസ്‌പി വകയിരുത്തലിൽ ടിഎസ്‌പിയുടെ വിനിയോഗ ശതമാനം |
|---|---|---|---|---|---|---|
| **കൃഷി** | 339.21 | 1.02 | 0.30 | 42.67 | 1.04 | 2.44 |
| **മൃഗസംരക്ഷണം** | | 1.76 | 0.52 | | 1.45 | 3.40 |
| **സ്വയം തൊഴിൽ** | | 3.62 | 1.07 | | 0.08 | 0.19 |

*(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികളിൽ യഥാക്രമം 0.30 ശതമാനം, 0.52 ശതമാനം, 1.07 ശതമാനം എസ്സിഎസ്പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ എന്ന് കണ്ടെത്തി. അതുപോലെ കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായപദ്ധതികളിൽ യഥാക്രമം 2.44 ശതമാനം, 3.40 ശതമാനം, 0.19 ശതമാനം ടിഎസ്പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. വരുമാനോത്പാദന പ്രവർത്തനങ്ങളിലെ ഈ താല്പര്യമില്ലായ്മ എസ്സി/എസ്ടി ജനവിഭാഗങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുക എന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 3.6.6 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നടപ്പാക്കൽ

പരിശോധന നടത്തിയ പിആർഐകൾ ഓഡിറ്റ് കാലയളവിൽ എസ്സിഎസ്പി ഫണ്ട് ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 74 ശതമാനം മുതൽ 84 ശതമാനം വരെ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 60 ശതമാനം മുതൽ 72 ശതമാനം വരെ ചെലവഴിക്കുകയും ചെയ്തു. അതുപോലെ, **അനുബന്ധം 3.13ൽ** വിവരിച്ചിരിക്കുന്നതുപോലെ പരിശോധിച്ച പിആർഐകൾ ടിഎസ്പി ഫണ്ട് ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 89 ശതമാനം മുതൽ 94 ശതമാനം വരെ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 75 ശതമാനം മുതൽ 85 ശതമാനം വരെ ചെലവഴിക്കുകയും ചെയ്തു. കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയുടെ നിർവ്വഹണ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി:

#### *3.6.6.1 കൃഷി*

എസ്സിഎസ്പി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ കൃഷി സംബന്ധമായ പ്രോജക്ടുകളുടെ ഒരു സൂക്ഷ്മ പരിശോധന ആശങ്കാകുലമായ ഒരു പ്രവണത വെളിപ്പെടുത്തി. പരിശോധിച്ച 68 പിആർഐകളിൽ 16 എണ്ണം മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.02 കോടി ചെലവു ചെയ്ത് കൃഷിസംബന്ധമായ പ്രോജക്ടുകൾ (27 എണ്ണം) നടപ്പാക്കിയുള്ളൂ. അതുപോലെ ടിഎസ്പി ഫണ്ടുകൾ വിനിയോഗിച്ച് 11 പിആർഐകൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.04 കോടി ചെലവഴിച്ച് കൃഷി സംബന്ധമായ പ്രോജക്ടുകൾ (33 എണ്ണം) നടപ്പാക്കിയുള്ളൂ.

പതിമൂന്നാമതും പതിനാലാമതും പഞ്ചവത്സര പദ്ധതികളിൽ മുൻഗണന നല്കിയതും, 29.90 ശതമാനം പട്ടികജാതി ജനവിഭാഗത്തിന്റെയും 69.52 ശതമാനം പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെയും ഉപജീവനമാർഗ്ഗവുമായ കാർഷിക മേഖലയ്ക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കുറഞ്ഞ മുൻഗണനയാണ് നല്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *3.6.6.2 സ്വയംതൊഴിൽ സഹായ പദ്ധതികൾ*

സ്വയംതൊഴിലും തൊഴിൽ സഹായ പ്രോജക്ടുകൾക്കുമുള്ള എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വിനിയോഗം വളരെ താഴ്ന്നതായിരുന്നു. പരിശോധിച്ച 68 പിആർഐകളിൽ 31 എണ്ണം മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹3.62 കോടി രൂപ ചെലവഴിച്ച് സ്വയംതൊഴിൽ സഹായ പ്രോജക്ടുകൾ നടപ്പാക്കിയുള്ളൂ. അതുപോലെ, ടിഎസ്പി ഫണ്ടുകൾ വിനിയോഗിച്ച് അഞ്ച് പിആർഐകൾ ഓഡിറ്റ് കാലയളവിൽ ₹0.08 കോടി ചെലവു ചെയ്ത് അഞ്ച് തൊഴിൽ സഹായ പ്രോജക്ടുകൾ നടപ്പാക്കി.

#### *3.6.6.3 മൃഗസംരക്ഷണവും മത്സ്യബന്ധനവും*

മൃഗസംരക്ഷണത്തിലും മത്സ്യബന്ധനത്തിലും ചെലവഴിച്ച തുക, മൊത്തം എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ 0.88 ശതമാനമായിരുന്നു എന്ന് ഓഡിറ്റ് വെളിപ്പെടുത്തി. ഇത്, ഈ നിർണ്ണായക മേഖലകളെക്കുറിച്ചുള്ള ശ്രദ്ധയുടെയും വിഭവങ്ങളുടെയും അഭാവത്തെ സൂചിപ്പിക്കുന്നു.

എസ്സി/എസ്ടി വിഭാഗക്കാരുടെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുക, അവരും സമൂഹത്തിന്റെ ഇതര വിഭാഗങ്ങളും തമ്മിലുള്ള സാമൂഹ്യ-

സാമ്പത്തിക വികസന സൂചകങ്ങളിലെ വിടവുകൾ നികത്തുക എന്നിവ എസ്സിഎസ്പി/ടിഎസ്പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ആയിരുന്നതിനാൽ ഉത്പാദന മേഖലയിൽ എസ്സികൾക്കും എസ്ടികൾക്കും വേണ്ടി വരുമാനോത്പാദന പരിപാടികളുടെ രൂപീകരണവും നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

### 3.6.7 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ തെറ്റായ വർഗ്ഗീകരണം

ഉത്പാദന മേഖലയിൽ എസ്സിഎസ്പി/ടിഎസ്പി പ്രോജക്ടുകളുടെ രൂപീകരണത്തിൽ കൃഷി, തൊഴിൽ സഹായം, മൃഗസംരക്ഷണം, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയുടെ കീഴിലുള്ള പ്രോജക്ടുകൾ ഉൾപ്പെടുന്നു. എന്നാൽ, സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, വീടുകളിലെ സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പോലെയുള്ള ചില പ്രോജക്ടുകൾ ഉത്പാദന മേഖലയിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് രേഖകളുടെ ഒരു അവലോകനം വെളിപ്പെടുത്തി. തിരഞ്ഞെടുത്ത പിആർഐകളിലെ തെറ്റായ വർഗ്ഗീകരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 3.23ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 3.23: ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ തെറ്റായ വർഗ്ഗീകരണം**

| വർഷം | എസ്സിഎസ്പി | | | | | ടിഎസ്പി | | | | |
|---|---|---|---|---|---|---|---|---|---|---|
| | പിആർഐകളുടെ എണ്ണം | ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ മൊത്തം എണ്ണം | ഉത്പാദനമേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ മൊത്തം എണ്ണം | ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത പ്രോജക്ടുകളുടെ ചെലവ് (₹ കോടിയിൽ) | ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ ശതമാനം | പിആർഐകളുടെ എണ്ണം | ഉത്പാദനമേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ മൊത്തം എണ്ണം | ഉത്പാദനമേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ മൊത്തം എണ്ണം | ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത പ്രോജക്ടുകളുടെ ചെലവ് (₹ കോടിയിൽ) | ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
| **2020-21** | 10 | 56 | 38 | 3.24 | 67.86 | 3 | 7 | 5 | 0.07 | 71.43 |
| **2021-22** | 5 | 26 | 13 | 0.23 | 50.00 | 1 | 4 | 1 | 0.03 | 25.00 |
| **2022-23** | 4 | 27 | 12 | 0.70 | 44.44 | 2 | 5 | 2 | 0.15 | 40.00 |
| **ആകെ** | | **109** | **63** | **4.17** | **57.80** | | **16** | **8** | **0.25** | **50.00** |

*(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

തെറ്റായ ഈ വർഗ്ഗീകരണം ഉത്പാദനമേഖലയിൽ ഊതിപ്പെരുപ്പിച്ച സംഖ്യകൾ എടുത്തു കാണിക്കുന്നതിൽ കലാശിച്ചു. മൂന്ന് പിആർഐകൾ[31] എസ്സിഎസ്പി ഫണ്ടുകളുടെ ₹2.93 കോടിയും (24.40 ശതമാനം) രണ്ട് പിആർഐകൾ[32] ടിഎസ്പി ഫണ്ടുകളുടെ ₹0.16 കോടിയും (5.41 ശതമാനം) ഉപയോഗപ്പെടുത്തി മിനിമാസ്റ്റ് സൗരവിളക്ക് പ്രോജക്ടുകൾ സ്ഥാപിക്കുകയും ഇത് ഉത്പാദന മേഖലാ ചെലവിനങ്ങളിൽ തെറ്റായി ഉൾപ്പെടുത്തുകയും അതുവഴി സർക്കാർ മാർഗ്ഗരേഖകൾ ലംഘിക്കുകയും ചെയ്തു എന്നു ഓഡിറ്റ് നിരീക്ഷിച്ചു. ഉത്പാദന മേഖലയിൽ എസ്സിഎസ്പി ഫണ്ട് വിനിയോഗിച്ച് മലപ്പുറം ഡിപി നടപ്പാക്കിയ 25 പ്രോജക്ടുകളിൽ (₹3.48 കോടി), ₹2.96 കോടി പദ്ധതിചെലവുവരുന്ന 18 സേവനമേഖലാ പ്രോജക്ടുകൾ തെറ്റായി ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തിയതായി ഓഡിറ്റ് കണ്ടെത്തി.

---

31 മലപ്പുറം ഡിപി, അരീക്കോട് ബിപി, കോരുത്തോട് ജിപി

32 നിലമ്പൂർ ബിപി, കോരുത്തോട് ജിപി

ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനത്തിൽ കൃത്രിമ വർദ്ധനവ് വരുന്നതിനാൽ ഈ പൊരുത്തക്കേടുകൾ കാര്യമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. തെറ്റായ ഈ വർഗ്ഗീകരണം, എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ യഥാർത്ഥ ശതമാനം 79.39ൽ നിന്ന് 61.84 ആയും ടിഎസ്‌പി ഫണ്ടുകളുടേത് 90.44ൽ നിന്ന് 84.56 ആയും കുറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം **അനുബന്ധം 3.14ലും അനുബന്ധം 3.15ലും** വിവരിച്ചിരിക്കുന്നു.

## പശ്ചാത്തല മേഖല

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമായ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ പിആർഐകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. പശ്ചാത്തല മേഖലാ പ്രോജക്ടുകളുടെ രൂപീകരണത്തിന്റേയും, നടപ്പാക്കലിന്റേയും വിശകലനം താഴെ പറയുന്ന വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി:

### 3.6.8 പശ്ചാത്തല മേഖലയ്ക്ക് കീഴിലെ പ്രോജക്ടുകളുടെ സ്ഥിതി

പരിശോധിച്ച പിആർഐകൾ ഓഡിറ്റ് കാലയളവിൽ പശ്ചാത്തല മേഖലയിൽ രൂപീകരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ **പട്ടിക 3.24ലും** ജില്ലാതല ഡാറ്റ, **അനുബന്ധം 3.16ലും അനുബന്ധം 3.17ലും** നൽകിയിരിക്കുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല മേഖലയിൽ ഏറ്റെടുക്കപ്പെട്ട പ്രമുഖ പ്രവർത്തനങ്ങൾ റോഡുകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്നിവയായിരുന്നു.

**പട്ടിക 3.24: എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 68 പിആർഐകളിലെ പശ്ചാത്തല മേഖലാ ചെലവുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | എസ്‌സിഎസ്‌പി | | | | | ടിഎസ്‌പി | | | | |
|---|---|---|---|---|---|---|---|---|---|---|
| | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവിന്റെ ശതമാനം | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവിന്റെ ശതമാനം |
| **2020-21** | 568 | 34.57 | 470 | 22.71 | 65.69 | 98 | 3.41 | 78 | 2.39 | 70.09 |
| **2021-22** | 322 | 20.07 | 247 | 11.29 | 56.25 | 35 | 1.94 | 32 | 1.77 | 91.24 |
| **2022-23** | 358 | 27.48 | 192 | 10.97 | 39.92 | 30 | 1.33 | 22 | 1.02 | 76.69 |
| **ആകെ** | **1248** | **82.12** | **909** | **44.97** | **54.76** | **163** | **6.68** | **132** | **5.18** | **77.54** |

*(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)*

പരിശോധിച്ച പിആർഐകൾ 2020–23 കാലയളവിൽ രൂപീകരിച്ച അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഓഡിറ്റ് കണ്ടെത്തി. എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ രൂപീകരിച്ച പ്രോജക്ടുകളിൽ 37 ശതമാനം കുറവുണ്ടായപ്പോൾ ടിഎസ്‌പിക്ക് കീഴിൽ രൂപീകരിച്ച പശ്ചാത്തല മേഖല പ്രോജക്ടുകളിൽ 69 ശതമാനം കുറവുണ്ടായി. കൂടാതെ, പശ്ചാത്തല മേഖലയ്ക്ക് കീഴിൽ രൂപീകരിച്ച 72.84 ശതമാനം എസ്‌സിഎസ്‌പി പ്രോജക്ടുകളും 80.98 ശതമാനം ടിഎസ്‌പി പ്രോജക്ടുകളും മാത്രമേ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയുള്ളൂ.

പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെയും ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാനസൗകര്യ ലഭ്യതയുടെയും സൂക്ഷ്മപരിശോധനയിൽ

താഴെ വിവരിക്കുന്നതു പോലെ, ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, സൃഷ്ടിക്കപ്പെട്ട ആസ്തികൾ വിനിയോഗിക്കാതിരിക്കൽ മുതലായവ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു:

### 3.6.9 എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രയോജനത്തിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ, മുതിർന്നവർക്കുള്ള പകൽവീടുകൾ, ശൗചാലയങ്ങൾ, ശ്മശാനം, പഠനകേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിന് എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ പരിശോധിച്ച പിആർഐകൾ വിനിയോഗിച്ചു. സൃഷ്ടിച്ച ആസ്തികൾ ഉദ്ദേശിച്ച ആവശ്യങ്ങൾക്കാണോ വിനിയോഗിക്കപ്പെട്ടതെന്നും അവ ശരിയാംവണ്ണം കാത്തുസൂക്ഷിക്കുന്നുണ്ടോ എന്നും അറിയുന്നതിന് ഓഡിറ്റ് അത്തരം ആസ്തികളുടെ രേഖകൾ പരിശോധിക്കുകയും സംയുക്ത ഭൗതിക പരിശോധനകൾ നടത്തുകയുമുണ്ടായി. പരിശോധിച്ച 10 പിആർഐകളിൽ ₹2.28 കോടി വിനിയോഗിച്ച് പരിശീലന കേന്ദ്രം, ശ്മശാനം എന്നീ ആവശ്യങ്ങൾക്കായി പണിത 13 കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുകയാണെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **പട്ടിക 3.25ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.25: എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ**

| ജില്ല | നിഷ്ക്രിയ ആസ്തികൾ | മൊത്തം ചെലവ് (₹ ലക്ഷത്തിൽ) | പൂർത്തിയായ വർഷം | നിഷ്ക്രിയാവസ്ഥയുടെ കാരണങ്ങൾ |
|---|---|---|---|---|
| | | **എസ്‌സിഎസ്‌പി** | | |
| കോട്ടയം | എസ്‌സി കമ്മ്യൂണിറ്റി സെന്റർ, ഈരാറ്റുപേട്ട ബി.പി | 7.71 | 2020 | വെള്ളം/ വൈദ്യുതി കണക്ഷനില്ല |
| | എസ്‌സി വനിതാ പരിശീലന കേന്ദ്രം, പാമ്പാടി ജി.പി | 5.77 | 2023 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| തൃശ്ശൂർ | എസ്‌സി വനിതാ പരിശീലന കേന്ദ്രം, തൃശ്ശൂർ ഡി.പി | 37.86 | 2020 | വാട്ടർ കണക്ഷൻ ഇല്ല |
| | എസ്‌സി ശ്മശാനം, ചാലക്കുടി ബി.പി | 4.62 | 2021 | വെള്ളം/ വൈദ്യുതി കണക്ഷനില്ല |
| | കമ്മ്യൂണിറ്റി സ്റ്റഡി സെന്റർ, ചാലക്കുടി ബി.പി | 7.84 | 2020 | വൈദ്യുതീകരണം ചെയ്തിട്ടില്ല. |
| | പട്ടികജാതി വെൽഫെയർ സെന്റർ, തൃക്കൂർ ജിപി | 47.40 | 2015 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| മലപ്പുറം | എസ്‌സി പകൽ വീട്, പുൽപ്പറ്റ ജിപി | 6.56 | 2015 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| കോഴിക്കോട് | എസ്‌സി കമ്മ്യൂണിറ്റി സെന്റർ, കോഴിക്കോട് ഡിപി | 42.91 | 2022 | വൈദ്യുതി കണക്ഷൻ ഇല്ല |
| | എസ്‌സി വനിതാ തൊഴിൽ പരിശീലന കേന്ദ്രം, കുന്ദമംഗലം ബിപി | 6.09 | 2020 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| | എസ്‌സി കൾച്ചറൽ സെന്റർ, കോഴിക്കോട് ഡിപി | 35.97 | 2021 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| | എസ്‌സി മൾട്ടി പർപ്പസ് സെന്റർ, കോഴിക്കോട് ഡിപി | 20.15 | 2020 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| **ആകെ** | **11** | **222.88** | | |

| ജില്ല | നിഷ്ക്രിയ ആസ്തികൾ | മൊത്തം ചെലവ് (₹ ലക്ഷത്തിൽ) | പൂർത്തിയായ വർഷം | നിഷ്ക്രിയാവസ്ഥയുടെ കാരണങ്ങൾ |
|---|---|---|---|---|
| ടിഎസ്പി | | | | |
| കോട്ടയം | പട്ടികവർഗ്ഗ വനിതകൾക്കായുള്ള ഉത്പാദന വിൽപ്പന കേന്ദ്രം, മേലുകാവ് ജിപി | 4.03 | 2019 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| | എസ്ടി തൊഴിൽ പരിശീലന കേന്ദ്രം, മൂന്നിലവ് ജിപി | 0.77 | 2020 | പ്രത്യേക കാരണം നൽകിയിട്ടില്ല |
| **ആകെ** | **2** | **4.8** | | |

*(ഉറവിടം : പിആർഐകൾ സമർപ്പിച്ച വിവരങ്ങൾ)*


വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമല്ലാത്തതിനാൽ 13 കെട്ടിടങ്ങളിൽ അഞ്ചെണ്ണം മൂന്ന് വർഷത്തിലേറെയായി ഉപയോഗശൂന്യമായി കിടക്കുകയാണെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്.

കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏജൻസികൾ/പദ്ധതികൾ മുഖേന തൊഴിൽ പരിശീലന പരിപാടികൾ നടത്താൻ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ എസ്സിഎസ്പി/ടിഎസ്പി ഫണ്ട് വിനിയോഗിച്ച് എസ്സി/എസ്ടി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടെ തൃശ്ശൂർ ഡിപി, കുന്ദമംഗലം ബിപി, പാമ്പാടി ബിപി എന്നിവർ 2020-23ൽ നാല് തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കെട്ടിടങ്ങൾ നിഷ്ക്രിയമാക്കിയതും പിആർഐകളുടെ ഭാഗത്തുനിന്നുള്ള കടുത്ത വീഴ്ചയെ സൂചിപ്പിക്കുന്നു.

### 3.6.10 96 എസ്സി/എസ്ടി സെറ്റിൽമെന്റുകളിലെ ഗുണഭോക്തൃ സർവ്വേ ഫലങ്ങൾ

ഓഡിറ്റ് ഉദ്യോഗസ്ഥരുടെയും 42 പിആർഐകളിൽ നിന്നുള്ള പ്രതിനിധികളുടേയും ഒരു സംയുക്ത സംഘം നാല് ജില്ലകളിലായി 96 സെറ്റിൽമെന്റുകളിൽ (62 എസ്സിയും 34 എസ്ടിയും) ഒരു സർവ്വേ നടത്തുകയുണ്ടായി. എസ്സിഎസ്പി/ടിഎസ്പി പദ്ധതികൾക്കു കീഴിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് പ്രസ്തുത ടീം 775 ഗുണഭോക്താക്കളുമായി (495 എസ്സിയും 280 എസ്ടിയും) സംവദിച്ചു. ഗുണഭോക്താക്കൾക്കു വേണ്ട അവശ്യസൗകര്യങ്ങളിലെ പോരായ്മകൾ സർവ്വേയിലൂടെ ശ്രദ്ധയിൽപ്പെട്ടു. കണ്ടെത്തിയ ന്യൂനതകൾ **ചാർട്ട് 3.6ൽ** വിശദമാക്കുന്നു.

**ചാർട്ട് 3.6 : പിആർഐകളിലെ എസ്‌സിഎസ്‌പി/ടിഎസ്‌പി ഗുണഭോക്തൃ സർവ്വേ**




താഴെപറയുന്ന കുറവുകൾ സർവ്വേ എടുത്തുകാണിക്കുന്നു.

- ➢ **അപര്യാപ്തമായ ഐഇസി പ്രവർത്തനങ്ങൾ** – സർവ്വേയ്ക്ക് വിധേയമായ എസ്‌സി ഗുണഭോക്താക്കളിൽ 27.27 ശതമാനത്തിനും (495ൽ 135) എസ്ടി ഗുണഭോക്താക്കളിൽ 35.36 ശതമാനത്തിനും (280ൽ 99), പിആർഐകൾ നടപ്പാക്കിയ പദ്ധതികളേയും പരിപാടികളേയും കുറിച്ച് അറിവില്ലായിരുന്നു.
- ➢ **വരുമാനോത്പാദനത്തിനു വേണ്ട തൊഴിലുകളുടെ അഭാവം** – 40 സെറ്റിൽമെന്റുകളിലെ 90 എസ്‌സി കുടുംബങ്ങൾക്കും (18.18 ശതമാനം) 21 സെറ്റിൽമെന്റുകളിലെ 45 എസ്ടി കുടുംബങ്ങൾക്കും (16.07 ശതമാനം) വരുമാനോത്പാദനത്തിനു വേണ്ട തൊഴിൽ ഇല്ലായിരുന്നു.
- ➢ **റോഡ് സൗകര്യത്തിന്റെ അഭാവം** – നാല് ജില്ലകളിലെ 62 സെറ്റിൽമെന്റുകളിൽ നിന്നുള്ള 495 ഗുണഭോക്താക്കളിൽ 81 പട്ടികജാതി ഗുണഭോക്താക്കളും (16.36 ശതമാനം) 91 പട്ടികവർഗ്ഗ ഗുണഭോക്താക്കളും (32.50 ശതമാനം), തങ്ങളുടെ ഗ്രാമങ്ങളിലെത്തിച്ചേരാൻ റോഡുമാർഗ്ഗങ്ങളില്ല എന്ന് അഭിപ്രായപ്പെട്ടു.
- ➢ **അപര്യാപ്തമായ ഭവന സൗകര്യങ്ങൾ** – സർവ്വേ ചെയ്ത പട്ടികജാതി കുടുംബങ്ങളിൽ 6.46 ശതമാനത്തിനും (495ൽ 32), പട്ടികവർഗ്ഗ കുടുംബങ്ങളിൽ 7.50 ശതമാനത്തിനും (280ൽ 21) സ്വന്തമായി വീടില്ലായിരുന്നു എന്നു സർവ്വേ വെളിപ്പെടുത്തി.
- ➢ **ഭൂമി ഇല്ലായ്മ** – സർവ്വേ ചെയ്ത 775 ഗുണഭോക്താക്കളിൽ 38 പേർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നു.

എസ്‌സി/എസ്ടി കുടുംബങ്ങൾക്കുവേണ്ട അവശ്യ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും പ്രകടമായ കുറവുകൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ അത്യാവശ്യമാണെന്ന് സർവ്വേയുടെ കണ്ടെത്തലുകൾ അടിവരയിടുന്നു. ഐഇസി പ്രവർത്തനങ്ങൾ, വരുമാനോത്പാദന അവസരങ്ങൾ, റോഡ് സൗകര്യം, ഭവനസൗകര്യങ്ങൾ, ഭൂമി ഉടമസ്ഥത എന്നിവയിലെ അപര്യാപ്തതകൾ ഈ

പാർശ്വവൽകൃത ജനവിഭാഗങ്ങളോടുള്ള വ്യവസ്ഥാപരമായ അവഗണന വെളിപ്പെടുത്തുന്നു.

## വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിലെ ഗോത്രവർഗ്ഗക്കാരുടെ ജീവിത നിലവാരത്തെക്കുറിച്ചുള്ള പഠനം

എടവണ്ണ വനമേഖലയിലെ ഒരു നിബിഡവനത്തിലാണ് വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റ് സ്ഥിതി ചെയ്യുന്നത്. വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിലെ താമസക്കാർ പട്ടിക വർഗ്ഗത്തിലെ പണിയർ വിഭാഗത്തിൽ നിന്നുള്ളവരാണ്. ഇവർ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കവും ദരിദ്രരുമായ വിഭാഗങ്ങളാണ്. 94 ആളുകൾ ഉള്ള 27 കുടുംബങ്ങൾ 17 ഓല മേഞ്ഞ വീടുകളിലായി താമസിക്കുകയായിരുന്നു. പുരുഷ-സ്ത്രീ അനുപാതം 48 : 46 ആയിരുന്നു. ഒരു വയസ്സ് മുതൽ അഞ്ച് വയസ്സ് വരെ പ്രായത്തിലുള്ള എട്ട് കുട്ടികളും ആറ് വയസ്സ് മുതൽ 18 വയസ്സ് വരെ പ്രായത്തിലുള്ള 23 കുട്ടികളും ജനസംഖ്യയിൽ ഉൾപ്പെട്ടിരുന്നു.

### 1. ഭവനസൗകര്യം

സെറ്റിൽമെന്റിൽ ഉണ്ടായിരുന്ന 22 കുടുംബങ്ങൾ, പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് മറച്ച ഇടിഞ്ഞു പൊളിഞ്ഞ അവസ്ഥയിലുള്ള 12 കുടിലുകളിലായി താമസിച്ചിരുന്നു. ഈ 22 കുടുംബങ്ങളിൽ രണ്ട് എണ്ണം മാത്രമേ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി.




*ചിത്രം 3.4 ഉം ചിത്രം 3.5 ഉം :ചാലിയാർ ജിപിയിലെ വെറ്റിലക്കൊല്ലി സെറ്റിൽമെന്റിലെ ഓല മേഞ്ഞ കുടിലുകൾ (2023 ഡിസംബർ 29ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രങ്ങൾ)*

### 2. ശോചനീയമായ റോഡുഗതാഗതം

ചാലിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഏകദേശം 18 കിലോമീറ്റർ അകലെയാണ് സെറ്റിൽമെന്റ് സ്ഥിതി ചെയ്യുന്നത്. ഏറ്റവും അടുത്ത ആശുപത്രി, സ്കൂളുകൾ, ചന്ത, മറ്റ് ഓഫീസുകൾ മുതലായവ സെറ്റിൽമെന്റിൽ നിന്നും 18 കിലോമീറ്റർ അകലെയാണ്. വനമേഖലയിലെ ആറ് കിലോമീറ്റർ ദൂരം റോഡ് ഇല്ലാത്ത സ്ഥിതിയിലും പരിചയ സമ്പന്നരായ ഡ്രൈവർമാർ ഓടിക്കുന്ന ജീപ്പുകൾ പോലെയുള്ള നാല് ചക്ര വാഹനങ്ങളിൽ മാത്രം എത്തിപ്പെടുവാൻ പറ്റുന്നവയാണെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ സ്ഥിതിയിൽ ആശുപത്രിയിൽ പോകേണ്ട ഒരു അടിയന്തിര സാഹചര്യം ഉണ്ടായാൽ ഒരു ആംബുലൻസിന്റെ സേവനം പോലും സെറ്റിൽമെന്റുകാർക്ക് ലഭിക്കില്ല. സെറ്റിൽമെന്റിലേക്ക് പ്രവേശന സൗകര്യം ഒരുക്കുന്നതിനായി ചാലിയാർ ജിപി നാളിതുവരെ ഒരു പ്രോജക്റ്റിനും രൂപം നൽകിയിട്ടില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 3. അനാരോഗ്യകരമായ കുടിവെള്ള സൗകര്യം

സെറ്റിൽമെന്റിലെ ഗ്രോത്രവർഗ്ഗക്കാർക്ക് കുടിവെള്ളസൗകര്യമില്ല. ചൂരപ്പുഴ അരുവിയിൽ നിന്നുള്ള വെള്ളം വിതരണം ചെയ്യുന്നതിനായി 2021-22ൽ ₹1.84 ലക്ഷത്തിന്റെ സിഎഫ്സി ഗ്രാന്റ് വിനിയോഗിച്ച് ജിപി ഒരു പ്രോജക്റ്റ് നടപ്പാക്കിയിരുന്നു.

നദിയിൽ നിന്നും ഗാർഡൻ ഹോസുകൾ ഉപയോഗിച്ച് ഗുരുത്വാകർഷണബലം വഴി, 1000 ലിറ്റർ വീതം ശേഷിയുള്ള രണ്ട് പിവിസി ടാങ്കുകളിൽ വെള്ളം ശേഖരിച്ചിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വേനൽക്കാലത്ത് വെള്ളം ലഭ്യമല്ലെന്ന് നിവാസികൾ പറയുകയുണ്ടായി. വെവ്വേറെയോ പൊതുവായോ ഉള്ള ടാപ്പുകൾ ഒന്നും ജിപി ഏർപ്പെടുത്താത്തതിനാൽ ടാങ്കുകളിൽ നിന്നും വെള്ളം തുടർച്ചയായി കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. പൊതുവായ കുടിവെള്ള ഗുണനിലവാരം അറിയാൻ ടാങ്കിൽ നിന്നെടുത്ത വെള്ളത്തിന്റെ സാമ്പിൾ, കെഡബ്ല്യുഎ ലാബിൽ പരിശോധിക്കുകയും, അതിൽ കോളിഫോം, ഇ-കോളി ബാക്ടീരിയകളാൽ (ഇരു ബാക്ടീരിയകളും എണ്ണാൻ ആകാത്ത വിധം അധികമായിരുന്നു) മലിനമായതിനാൽ വെള്ളം കുടിക്കാൻ യോഗ്യമല്ല എന്നു കണ്ടെത്തുകയും ചെയ്തു.





*ചിത്രം 3.6 ഉം ചിത്രം 3.7 ഉം: അരുവിയിൽ നിന്നും വെള്ളം കൊണ്ടു വരുന്നതിനായി സ്ഥാപിച്ച ജലടാങ്കുകളും ഗാർഡൻ ഹോസുകളും (2023 ഡിസംബർ 29ന് ഓഡിറ്റ് എടുത്ത ചിത്രങ്ങൾ)*

**4. ശൗചാലയ സൗകര്യങ്ങൾ**

മൊത്തം 94 അംഗങ്ങളുള്ള 27 കുടുംബക്കാർ, പൊതുവായതോ വെവ്വേറെയുള്ളതോ ആയ ശൗചാലയ സൗകര്യങ്ങൾ ഇല്ലാതെ സെറ്റിൽമെന്റിൽ താമസിക്കുകയായിരുന്നു. തങ്ങളുടെ പ്രാഥമികാവശ്യങ്ങൾക്ക് വനഭൂമിയെ പൂർണ്ണമായും ആശ്രയിക്കുകയും ആയിരുന്നു.

**5. വൈദ്യുതി**

നാളിതുവരെ സെറ്റിൽമെന്റുകളിൽ വൈദ്യുതി എത്തിയിട്ടില്ല; രാത്രി കാലങ്ങളിൽ മണ്ണെണ്ണ വിളക്കുകളെയാണ് അവർ പൂർണ്ണമായും ആശ്രിയിക്കുന്നത്. എന്നാൽ, മൂന്നു കുടുംബങ്ങൾക്ക് നൽകിയ റേഷൻ കാർഡുകളുടെ സൂക്ഷ്മ പരിശോധനയിൽ, അവരുടെ വീടുകൾ വൈദ്യുതീകരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതും അതിനാൽ അവർക്ക് പ്രതിമാസം, കുറഞ്ഞ അളവിൽ (500 മില്ലിലിറ്റർ) മണ്ണെണ്ണയ്ക്ക് മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**6. ഗതാഗത സൗകര്യങ്ങളുടെ അഭാവം മൂലം 2022-23 അധ്യയന വർഷത്തിൽ 14 സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്**

പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ അവകാശ നിയമം നിർബ്ബന്ധിത വിദ്യാഭ്യാസം ഉറപ്പാക്കുന്നു. സൗജന്യമായി വിദ്യാഭ്യാസം ലഭിക്കുക എന്നത് അത്തരം പ്രായപരിധിയിലുള്ളവരുടെ നിയമപരമായ അവകാശമായി മാറിക്കഴിഞ്ഞു. 14 വയസ്സുവരെ തുടർച്ചയായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി, വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഴി നടപ്പാക്കുന്നതിന്, സംസ്ഥാന സർക്കാർ ഗോത്ര സാരഥി പദ്ധതി അവതരിപ്പിക്കുകയുണ്ടായി. എന്നാൽ, ഉയർന്ന യാത്ര ചെലവു മൂലം, വെറ്റിലക്കൊല്ലി സെറ്റിൽമെന്റിനുള്ള ഗോത്രസാരഥി പദ്ധതി, 2022 ഏപ്രിൽ മുതൽ ചാലിയാർ ജിപി നിർത്തലാക്കി. നാലാം ക്ലാസ് വരെയുള്ള ക്ലാസുകളിൽ

| |
|---|
| പഠിക്കുന്ന സെറ്റിൽമെന്റിലെ 14 കുട്ടികളുടെ (ഒന്നാം ക്ലാസ്സിലെ രണ്ട് കുട്ടികൾ, രണ്ടും മൂന്നും ക്ലാസ്സുകളിലെ ഓരോ കുട്ടിവീതം, നാലാം ക്ലാസ്സിലെ 10 കുട്ടികൾ) പഠനം, ഗതാഗത സൗകര്യങ്ങളില്ലാത്തതുമൂലം 2022-23ൽ മുടങ്ങുകയും കൊഴിഞ്ഞുപോവുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. സംസ്ഥാന സർക്കാർ, 'മൾട്ടിഗ്രേഡ് ലേണിംഗ് സെന്റർ' (എംജിഎൽസി)[33] പദ്ധതി നിർത്തലാക്കിയതും ഗ്രാമപഞ്ചായത്തിൽ ഗതാഗത സൗകര്യം നിർത്തലാക്കിയതും 14 കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നതിന് ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. |

## 3.7 നിരീക്ഷണ സംവിധാനം

എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ നിരീക്ഷണം, ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കാനുള്ള ഒരു അവശ്യപ്രവർത്തനമാണ്. തുടർന്നുവരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, ലഭിച്ച എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചു എന്നുറപ്പുവരുത്തുന്നതിനായി, നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം പരിശോധിച്ച പിആർഐകളിൽ ഓഡിറ്റ് കണ്ടെത്തി.

### 3.7.1 മോണിറ്ററിംഗ് കമ്മിറ്റികൾ എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതിരുന്നത്

ഒരു വർഷത്തെ പദ്ധതി രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക്, ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച്, രൂപം കൊടുക്കുകയും നടപ്പാക്കുകയും ചെയ്ത ഓരോ പ്രോജക്ടും നിരന്തരം നിരീക്ഷിക്കേണ്ടതാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ 17 പിആർഐകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചില്ല.

കൂടാതെ, മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, നിർവ്വഹണ ഉദ്യോഗസ്ഥനായി മാറുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ, 54 എണ്ണത്തിൽ, കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാറിയപ്പോൾ, മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കപ്പെട്ടില്ല; നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ മോണിറ്ററിംഗ് കമ്മിറ്റികൾ ആയി പ്രവർത്തിച്ചു.

### 3.7.2 സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിക്കാത്തതും സാമൂഹിക ഓഡിറ്റിന്റെ അഭാവവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ സാമൂഹിക ഓഡിറ്റ് നടത്താൻ വാർഡ്/സ്ഥാപനതലങ്ങളിൽ ഒരു സാമൂഹിക ഓഡിറ്റ് സമിതി രൂപീകരിക്കേണ്ടതാണെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, കൊടകര ബ്ലോക്ക് പഞ്ചായത്ത് ഒഴികെ, പരിശോധിച്ച മറ്റ് പിആർഐകളിലൊന്നും തന്നെ സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടില്ലെന്നും, വ്യവസ്ഥചെയ്തിരുന്നതുപോലെ സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ലെന്നും വെളിപ്പെടുകയുണ്ടായി.

### 3.7.3 പദ്ധതികളുടെ വിലയിരുത്തൽ നടത്താതിരിക്കൽ

പ്രോജക്ടുകളുടെയും പദ്ധതികളുടെയും വിലയിരുത്തൽ വഴി പദ്ധതികൾ/പ്രോജക്ടുകൾ ആസൂത്രണം ചെയ്ത നടപ്പാക്കുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അതുവഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കാനും കഴിയുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പതിവായ

---

[33] സംസ്ഥാനത്തെ വിദൂര പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ

മൂല്യനിർണ്ണയം, എസ്‌സി/എസ്ടി വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിയുടെ ഉന്നമനത്തിൽ അവയുടെ സ്വാധീനം വിലയിരുത്താൻ അത്യന്താപേക്ഷിതമാണ്. എന്നാൽ സംസ്ഥാന/പിആർഐ തലത്തിൽ അത്തരം വിലയിരുത്തൽ പഠനങ്ങൾ നാളിതു വരെ നടത്തിയിട്ടില്ല.

## 3.8 ഉപസംഹാരം

കേരളത്തിലെ തിരഞ്ഞെടുത്ത ജില്ലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതിയുടെയും (എസ്‌സിഎസ്‌പി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (ടിഎസ്‌പി) നടപ്പാക്കലിൽ ഗണ്യമായ പോരായ്മകളുണ്ടെന്ന് ഓഡിറ്റ് വെളിപ്പെടുത്തി. കാലഹരണപ്പെട്ട ഡാറ്റയുടെ ഉപയോഗം, ഉത്പാദന മേഖലാ പ്രോജക്ടുകൾക്കുള്ള അപര്യാപ്തമായ വകയിരുത്തൽ, പിആർഐകൾക്കുള്ള കുറഞ്ഞ വകയിരുത്തൽ, എസ്‌സിഎസ്‌പിയിൽ നിന്നും ടിഎസ്‌പിയിൽ നിന്നു യഥാക്രമം ₹68.73 കോടിയുടെയും ₹6.69 കോടിയുടെയും ഫണ്ടുകളുടെ പാഴാക്കൽ എന്നിവയെല്ലാം ശ്രദ്ധേയമായ ആശങ്കകളാണ്. കൂടാതെ, 65 പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ മലിനമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തി. സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കുന്നതിന്, സമൂഹ-കേന്ദ്രീകൃത നടപടികൾക്കും ശക്തമായ നിരീക്ഷണ സംവിധാനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് എസ്‌സിഎസ്‌പി/ടിഎസ്‌പി നിർവ്വഹണം നവീകരിക്കേണ്ടത് അനിവാര്യമാണ്.

## 3.9 ശിപാർശകൾ

പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനായി തഴെപ്പറയുന്ന ശിപാർശകൾ നൽകിയിരിക്കുന്നു:

1. ***സമഗ്രമായ സർവ്വേകൾ നടത്തുക: എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതി രൂപീകരണം ഫലപ്രദമായി സാധ്യമാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി തിരിച്ചറിയുന്നതിനായി പിആർഐകൾ പതിവായി സർവ്വേകൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.***

2. ***അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകുക: പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾക്കായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ, കുടിവെള്ള വിതരണ പദ്ധതികൾക്കും ശൗചാലയ സൗകര്യങ്ങൾക്കും മുൻഗണന നൽകുക.***

3. ***സംരംഭകത്വം പ്രോത്സാഹിപ്പിക്കുക: പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ രൂപീകരിക്കുക.***